# സമസ്യ®

ഇ - മാസിക |ലക്കം 13| ജനുവരി 2023

# SAMASYA®

## Digital Magazine

Volume 13

ഒരു സമസ്യ എഴുത്തുക്കൂട്ടം പ്രസിദ്ധീകരണം



എഡിറ്റോറിയൽ :മീര മോഹൻ

WWW.SAMASYAPUBLICATIONS.COM




സമസ്യയുടെ 13-ാമത് ഡിജിറ്റൽ മാസികയിലേക്ക് സൃഷ്ടികൾ നൽകിയവർക്കും
സമസ്യയോടൊപ്പം സഞ്ചരിക്കുന്ന എല്ലാ സാഹിത്യ പ്രേമികൾക്കും
നന്മനിറഞ്ഞ ഐശ്വര്യപൂർണമായ ഒരു പുതുവത്സരാശംസകൾ നേരുന്നു...



സമസ്യ എഡിറ്റോറിയൽ ബോർഡിന് വേണ്ടി
**സുനിത. കെ.എൻ.**
ചീഫ് എഡിറ്റർ, സമസ്യ പബ്ലിക്കേഷൻസ്

ഓരോ സൃഷ്ടികളും മൗലികമാണെന്നുള്ള എഴുത്തുകാരന്റെ ഉറപ്പിന്മേൽ സൃഷ്ടികൾ തിരഞ്ഞെടുത്തതാണ്.
സൃഷ്ടികളിൻ മുകളിലുള്ള എന്ത് പരാതികൾക്കും പൂർണ്ണ ഉത്തരവാദിത്വം എഴുത്തുകാരനായിരിക്കും

# എഡിറ്റോറിയൽ



തൃശൂർ ജില്ലയിലെ കോരെച്ചാലിൽ ജനനം. തൃശൂരിലെ വിവിധ ഭാഗങ്ങളിലായി പഠനം പൂർത്തീകരിച്ചു. സ്കൂൾ പഠനകാലത്ത് പ്രസംഗത്തിലും, എഴുത്തിലും, നാടകാഭിനയത്തിലും മികവ് പുലർത്തിയിരുന്നു. സ്വപ്നങ്ങളുടെ കാവൽക്കാരി എന്ന കവിതാ സമാഹാരം സമസ്യയുടെ പ്രസാധനത്തിൽ പ്രസിദ്ധീകരിച്ച എന്റെ ആദ്യ പുസ്തകമാണ്. ബി.എഡ് പഠന ശേഷം വടക്കേ ഇന്ത്യയിലും തെക്കേ ഇന്ത്യയിലും പലയിടങ്ങളിലായി ജോലി ചെയ്തു. മാലി ദ്വീപിൽ അധ്യാപികയായി ജോലി ചെയ്യുന്നതിനിടയിൽ യു.കെയിലേക്ക് ഉപരിപഠനത്തിനായി യാത്ര തിരിച്ചു. ഇപ്പോൾ യു.കെയിൽ പഠനം തുടർന്ന് കൊണ്ടിരിക്കുന്നു. സ്ത്രീ ശാക്തീകരണം മനസ്സിൽ വച്ച് സ്വന്തം ചിന്തകളെ പകർത്തിയെഴുതാൻ തുടങ്ങിയപ്പോഴാണ് സമസ്യ കൈപിടിച്ചുയർത്തിയത്. ഓരോ യുവ എഴുത്തുകാർക്കും സമസ്യ നൽകുന്ന ആത്മധൈര്യവും, പ്രചോദനം ഒട്ടും ചെറുതല്ല.

സമസ്യയുടെ ഓരോ ഉയർച്ചയിലും കൂടെ ഉണ്ടാവണം എന്നാണെന്റെ ആഗ്രഹം. എന്നെ മുഖചിത്രമായി തിരഞ്ഞെടുത്തപ്പോൾ തന്നെ വിശ്വകിരീടം ചൂടുന്ന സന്തോഷമാണെനിക്ക് .

സമസ്യ എഴുത്ത് കുടുംബത്തിന് പറഞ്ഞാൽ തീരാത്തത്ര നന്ദി നേരുകയാണ്.

ഒത്തിരി സ്നേഹത്തോടെ,

**മിര മോഹൻ യു.കെ**




അകം പേജിൽ...

**പുഴ പറയാത്തത്** — 05
(കവിത) മോം

**കാലത്തിന്റെ മാറ്റങ്ങൾ** — 06
(കഥ) സജിത്ത് നരിപ്പാറ

**ഒറ്റച്ചിറകുള്ള പക്ഷി** — 08
(കവിത) രാജു യേശുദാസൻ

**പാഠം ഒന്ന് ഒരു ചിരിക്കഥ** — 09
(കഥ) സജയ് വിജയൻ

**അക്ഷര വിരുന്ന്** — 11
(കവിത) വീണ പി. നായർ

**നമ്മൾ ശക്തരല്ല..** — 11
(കുറിപ്പ്) അഷ്റഫ് പൂച്ചാടിയൻ

**തെറ്റും ശരിയും** — 12
(നമുക്ക് ചുറ്റും) ശശി വെട്ടിക്കവല

**വിശ്വപൗരൻ** — 13
(കവിത) സാജു ജോർജ്ജ്, കൊല്ലം

**നിന്നെ അടയാളപ്പെടുത്തുമ്പോൾ** — 13
(കവിത) ബിന്ദു. വി.എസ്

**അനാഥരുടെ മേൽക്കൂര** — 14
(കഥ) പ്രിയ മുരളി

**മടങ്ങിവരാത്തയാത്രയിലേക്കുള്ള യാത്രയിലാണവർ...** — 17
(കഥ) ഹരിഹരൻ പങ്ങാരപ്പിള്ളി

**'താഴ്മതാൻ അഭ്യുന്നതി' .... പഴഞ്ചൊല്ല് പതിരാകുന്നുവോ...** — 18
(കഥ) ഗിരിജ എം.യു.

**കൽപ്രതിമകൾ** — 20
(കഥ) ജോളി ഷാജി

**ഇരുളിന്റെ കാവൽക്കാരൻ** — 21
(കവിത) നവാസ് മുക്കത്ത്

**തമിഴ് + മലയാളം തമിഴാളം** — 22
(കഥ) ബാബു. കെ

**നാളേയ്ക്ക്** — 24
(കവിത) അജിത സത്യൻ

# പുഴ പറയാത്തത്



മോം

ദുഃഖ സാന്ദ്രം,
രാവിന്നിരുണ്ട മേഘമൊഴുകുമാകാശം !

തോണിയോ ശൂന്യം,
തുഴയറിയാതെ കടത്തുകാരനുറങ്ങുമീ രാവും !

കഥയല്ലിതു ജീവിതം,
ഓടിത്തളർന്ന പകൽ കിതച്ചെത്തുമന്തിച്ചുവപ്പും !

ഓളപ്പരപ്പിലുയരും,
തോണിക്കു സ്വന്തമായ്, ജലതരംഗ സംഗീത നിർഝരി !

ഓടക്കുഴൽ നാദമൊഴുകും,
ഏതോ കിനാവിന്റെ കൊമ്പിൽ കുയിൽ വിരഹഗാനം !

ഓടിത്തളർന്നവളെത്തും,
വ്യർത്ഥമാം സ്വപ്നങ്ങൾ ബാക്കി വെച്ചെന്നും !

മിണ്ടിപ്പറഞ്ഞൊരു മൗനം,
മെല്ലെയരികിലെത്തിപ്പാഞ്ഞു പോകും !

വർണ്ണങ്ങളക്കരെ വിൽക്കും,
വളവിലവൾ വരുന്നതും നോക്കി നിൽക്കും !

തുഴയുവതെന്തിന്നു കൈകൾ,
കുഴയുവതറിയാതെ വഴിവെട്ടുവതെന്തേ?

മഴപെയ്തു തോർന്നീ കടവിൽ,
എരിയുന്നു,നിയ്യിനിയും വരാത്തൊരു നിനവായ്....



# കാലത്തിന്റെ മാറ്റങ്ങൾ

''ഹലോ....

ജയദേവനല്ലേ.... സാറിനെ ഞങ്ങൾ കുറെ ദിവസമായി ഫോൺ വിളിക്കാൻ തുടങ്ങിയിട്ട്..''

സാറിന് ഓർമ്മയുണ്ടാകുമോ എന്നറിയില്ല. ഞങ്ങൾ ഐവർ മഠത്തിൽ നിന്നാണ് വിളിക്കുന്നത്. സാറിന് അറുപതു വയസ്സാവാൻ ഇനി നാലുദിവസമേ ബാക്കിയുള്ളു. ഞങ്ങളുടെ കമ്പനിയുടെ ആനിവേഴ്സറി പ്രമാണിച്ചു ഒരു ഓഫർ കൊടുത്തിരുന്നു. അതിൽ ഒന്നാമത്തെ സ്ഥാനം കിട്ടിയത് സാറിനായിരുന്നു. രണ്ടു മുതൽ പത്തു വരെ സ്ഥാനം കിട്ടിയവർ ഇന്ന് സ്വർഗത്തിൽ ആണ്.

ഫോണിൽ നിന്നും ഒരു കിളി നാദം. പുലർച്ചെ പുലർകാല സ്വപ്നങ്ങൾ കണ്ട് മൂടിപ്പുതച്ചു കിടന്നുറങ്ങുന്ന ജയദേവന് കാര്യം എന്താണെന്ന് മനസ്സിലായില്ല. ആരാണ് ഈ പുലർച്ചെ തന്റെ ഉറക്കം നഷ്ടപ്പെടുത്തി തന്റെ വയസ്സ് ഓർമ്മിപ്പിച്ചു തന്നിരിക്കുന്നത്. അറുപതു വയസ്സായ കാര്യം താൻ പോലും മറന്നുപോയിരുന്നു.

ഹലോ..., സാറെന്താണ് ഒന്നും മറുപടി പറയാത്തത്.





സജിത്ത് നരിക്കാട

എന്ത് മറുപടിയാണ് കൊടുക്കേണ്ടത് എന്താണ് നിങ്ങൾക്ക് വേത്. ഒരു മറുപടി കൊടുക്കാൻ കഴിയാതെ ജയദേവൻ കിടക്കയിൽ എഴുന്നേറ്റിരുന്നു...

''എടീ....സൂസന്നെ ഒരു ബെഡ് കോഫി ഉണ്ടാക്കി താടീ....''

''ഇതിയാന് എന്തിന്റെ സൂക്കേടാണ് നേരം വെളുക്കാൻ ഇനിയും ഒരുപാട് സമയമുണ്ട് നല്ല തണുപ്പും നിങ്ങളെ കൊണ്ട് ഒന്നിനും പറ്റത്തുമില്ല...'' സൂസന്ന മുഖം തിരിച്ചു കിടന്നു.

''രാത്രിയിൽ വെള്ളവുമടിച്ചു ബോധമില്ലാതെ കിടന്നുറങ്ങും രാവിലെയാണെങ്കിൽ പിച്ചും പേയും...''

ജയദേവൻ മെല്ലെ എഴുന്നേറ്റു വയസ്സായതിന്റെ ബുദ്ധിമുട്ട് അനുഭവിച്ചറിയാൻ തുടങ്ങിയിട്ട് കുറച്ചു ദിവസങ്ങളായി. ചിന്തയും പ്രവർത്തിയും ബാലൻസ് ചെയ്യുന്നില്ല എന്ന് മനസ്സിലാവുന്നുണ്ട്.

കട്ടൻ കോഫി ഉണ്ടാക്കി കൊണ്ടിരിക്കുമ്പോൾ വീണ്ടും ഫോൺ വന്നു.

''സാറെ നിങ്ങൾ മറുപടി ഒന്നും പറ ഞ്ഞില്ല... നിങ്ങൾ ഞങ്ങളുടെ സ്പെഷ്യൽ കസ്റ്റമർ ആയതുകൊണ്ട് ഞങ്ങൾ നിങ്ങൾക്ക് ഒരു ഗോൾഡൻ ചാൻസ് തരികയാണ്. നിങ്ങൾക്ക് അഞ്ചുവർഷത്തേക്ക് കൂടി നിങ്ങളുടെ ലൈഫ് ടൈം വർധിപ്പിക്കാം. അതായത് ചെറിയൊരു തുക അടച്ചു നിങ്ങളുടെ ഓഫർ വാലിഡിറ്റി അഞ്ചു വർഷത്തേക്ക് നീട്ടി കൊണ്ടുപോകാം.

അതായത് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നിങ്ങൾ മരിക്കുകയാണെങ്കിൽ നിങ്ങളുടെ മരണാനന്തര ചടങ്ങുകൾ (ബോഡി ദഹിപ്പിക്കൽ) ഞങ്ങൾ ഫ്രീ ആയിട്ട് നടത്തിത്തരും. നിങ്ങളുടെ കുടുംബക്കാർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല.

പക്ഷേ അറുപത്തി അഞ്ചു വയസ്സുവരെ മാത്രമേ ഞങ്ങളുടെ ഫ്രീ ഓഫർ നിലനിൽക്കൂ. അറുപത്തി അഞ്ചുവയസ്സ് കഴിഞ്ഞാൽ നിങ്ങൾക്ക് ഓരോ വർഷത്തേയ്ക്കും നിങ്ങളുടെ ഇൻഷുറൻസ് പുതുക്കേണ്ടിവരും. ഞങ്ങൾ ഓരോ മനുഷ്യർക്കും ആയുസ്സ് നിജപ്പെടുത്തിയിരിക്കുന്നത് അറുപത്തി അഞ്ചു വയസ്സിനു ഇടയിൽ ആണ്. നിങ്ങൾ നിങ്ങളുടെ കുടുംബത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് തീരുമാനിക്കാം. കുടുംബത്തെ രക്ഷിക്കണമോ അല്ലെങ്കിൽ കുടുംബത്തെ ബുദ്ധിമുട്ടിക്കണോ എന്നത്. അറുപതു വയസ്സുവരെ ജീവിച്ചില്ലേ എന്തിനാണ് വെറുതെ കുടുംബക്കാരെ ഇങ്ങനെ വേദനിപ്പിക്കുന്നത്...''

ജയദേവൻ എന്ത് മറുപടി കൊടുക്കണം എന്നറിയാതെ വിറയ്ക്കാൻ തുടങ്ങി. തന്റെ ജീവിതം അവസാനിപ്പിക്കാൻ സമയമായിരിക്കുന്നു. ഫോമിൽ നിൽക്കുമ്പോൾ കളിയിൽ നിന്ന് വിരമിക്കണം എന്ന് പറയുന്ന പോലെ.



''നിങ്ങൾക്ക് അറുപതു വയസ്സായി വേണമെങ്കിൽ അഞ്ചു വയസ്സ് കൂടി ജീവിച്ചുകൊള്ളൂ. അഞ്ചുവർഷത്തേയ്ക്ക് ജീവിതം നീട്ടിക്കിട്ടാൻ നിങ്ങൾക്ക് ഇൻഷുറൻസ് പുതു ക്കേണ്ടിവരും.''

സ്വന്തമായി തീരുമാനമെടുക്കാൻ കഴിയാതെ ജയദേവൻ ഒന്നു നടു ങ്ങി. ഭാര്യയുടെയും മക്കളുടെയും കയ്യിലാണ് ഇനി തന്റെ ജീവിതം കിടക്കുന്നത്. അവർ പൈസ കൊടുത്ത് ഇൻഷുറൻസ് പുതുക്കുകയാണെങ്കിൽ തനിക്ക് ആത്മഭിമാനത്തോടെ അന്തസ്സായി മരിക്കാം. ആരും കുറ്റം പറയാതെ അരമണിക്കൂർ കൊണ്ട് വെന്തുവെണ്ണീറാവാം. അവർ എതിർക്കുകയാണെങ്കിൽ തനിക്ക് നാലുദിവസം മാത്രമേ ബാക്കിയുള്ളു...

# ഒറ്റച്ചിറകുള്ള പക്ഷി

കാലമാമശ്വത്തിൻ കുളമ്പടിയൊച്ചകൾ
കാതിൽ പെരുമ്പറ മുഴക്കുന്നു നടുങ്ങുന്നു.
കാതരമാം മിഴി വറ്റിവരണ്ടു പോയ്
കാതങ്ങൾ നീ താണ്ടുവത് നോക്കി കാണവേ.

കടലിരമ്പം നെഞ്ചിൽ തുടികൊട്ടി നിന്നു
കദനങ്ങൾ തിരപോലെ തീരം കാണ്മൂ.
കവിതയിൽ നിറയുന്ന നൊമ്പരപ്പൂവുകൾ
കടിഞ്ഞാൺ പൊട്ടിയ കുതിര പോലെ.

കഥകൾ നിറഞ്ഞ മിഴികൾ വലകെട്ടി
കളിചിരിയോടൊത്ത് കൂടിയിമ്പമായി.
കഥയും കവിതയും നിറഞ്ഞയുലകിലെ
കൽപ്പനാ കഥാപാത്രങ്ങളായി വാണു.

കരളിന്റെയോരം കാർന്നെടുത്തതറിയാതെ
കരളൊട്ടിയൊന്നിച്ചു സ്വർഗം പണിതു.
കഥാകൃത്ത് വിധി തീർത്തു നാമറിയാതെ
കഥാവസ്തു ഉയിരായ പാതിയായി.

കരികത്തും ജീവിതം പാതിയും പിന്നിട്ടു
കരിനാഗമിഴയുന്ന കരളിലെ വേദന.
കനവുകൾ മങ്ങി മറയുന്നു കനിയാതെ
കർദ്ദം നിറയുവാനെന്തു ചെയ്തു.

കാലം കലിതുള്ളി വികല്പമെന്യേ
കവചം പിരിയുന്നു ഒറ്റച്ചിറകുമായി
കഠിനമാം പാതയിൽ പക്ഷിയിഴയുന്നു
കാലത്രയമിനി ഏകാന്ത ജീവിതം.



**രാജു യേശുദാസൻ.**



കഥ

# പാഠം ഒന്ന് ഒരു ചിരിക്കഥ



സജയ് വിജയൻ

ചാമംപതാൽ സർക്കാർ പള്ളിക്കൂടത്തിലെ രണ്ടാം തരത്തിലെ കുട്ടികളുടെ രക്ഷകർത്യ യോഗം. ഓണപരീക്ഷയിൽ പഠിതാക്കൾ പ്രകടിപ്പിച്ച സാഹസങ്ങൾ അച്ഛനമ്മമാരും അറിയണമല്ലോ.

ചെറിയ ഐ.റ്റി ലാബിലാണ് പി.റ്റി.എ. എന്റെ അമ്മ സതിയും മകന്റെ മിന്നുന്ന പ്രകടന വിവരങ്ങൾ ടീച്ചറിൽ നിന്ന് കേൾക്കാൻ ആകാംക്ഷാ ഭരിതയായി ഇരിക്കുകയാണ്.

ഗിരിജ ടീച്ചർ ഓരോരുത്തരുടെയും പഠന നിലവാരം, ക്ലാസ്സിലെ കുറുമ്പുകൾ തുടങ്ങിയവയൊക്കെ രക്ഷകർത്താക്കളോട് വിവരിച്ചു. പി.റ്റി.എയിൽ പങ്കെടുക്കുക എന്ന മഹാദൗത്യം മിക്ക വീടുകളിലും അമ്മമാർക്കായതിനാൽ അന്നും യോഗത്തിൽ ഭൂരിപക്ഷം അമ്മമാർക്കായിരുന്നു.

സ്ത്രീ ശാക്തീകരണം വിജയിക്കട്ടെ!

ഒടുവിൽ ടീച്ചർ അമ്മയോടായി പറഞ്ഞുതുടങ്ങി. ''സജയ് വല്ല്യ കുഴപ്പക്കാരനൊന്നുമല്ല, കേട്ടോ... സതി. അവൻ അക്ഷരതെറ്റില്ലാതെ എല്ലാം എഴുതും. അത് തന്നെ വല്ല്യ കാര്യമാ.''

അമ്മ, അവൻ എന്റെ മോനല്ലേ... എന്ന ഭാവത്തിൽ ഒന്ന് ഞെളിഞ്ഞിരുന്നു. അഭിമാനപുളകിതമായി അന്തരംഗം.!

ടീച്ചർ തുടർന്നു: ''പിന്നെ സതി..., പശുവിനെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന അഞ്ചു കാര്യങ്ങൾ എഴുതാനുള്ള ചോദ്യം ഉണ്ടായിരുന്നു. അവൻ നന്നായി എഴുതി. പക്ഷെ ഒരു കാര്യം എനിക്ക് പിടികിട്ടിയില്ല''

ടീച്ചർ ചോദിച്ചോ. ഞാൻ പറഞ്ഞുതരാം... എന്ന ഭാവത്തിൽ അമ്മ.

''പശുവിന് രണ്ട് കൊമ്പ്. പശുവിന് നാല് കാലുണ്ട്. പശുവിന് ഒരു വാലുണ്ട്. പശു പാൽ തരും. പശുവിന് രണ്ട് ഇങ്ക ഉണ്ട്.''




ടീച്ചർ വായന നിർത്തി തല പൊക്കിയപ്പോൾ അമ്മ കിളിപോയി ഇരിക്കുകയാണ്.

''അതെന്താ ഉദ്ദേശിച്ചത് സതി ?''

അമ്മ മറ്റെല്ലാവരെയും ഒന്നു പകച്ചുനോക്കി. പിന്നെ ശബ്ദം താഴ്ത്തി ടീച്ചറിനോടു മാത്രമായി എന്തോ പറഞ്ഞു. ഗിരിജ ടീച്ചറിന് ചിരിയടക്കാൻ പറ്റിയില്ല. ചിരിക്കിടയിൽ മറ്റുള്ളവരോടും ടീച്ചർ പുതിയ വാക്ക് പരിചയപ്പെടുത്തി. പി.റ്റി.എ ഒരു ചിരിയരങ്ങായി! അമ്മയ്ക്കു ചിരിക്കണോ കരയണോ എന്ന് തിട്ടമില്ലായിരുന്നു.

ടീച്ചർ ഉത്തരക്കടലാസുമായി ക്ലാസ്സിൽ വന്നതും മുഖത്ത് ചിരിയോടെയായിരുന്നു. വന്നതും എന്നെ പിടിച്ച് അടുത്ത് നിർത്തി എന്റെ ഉത്തരം വായിപ്പിച്ചു.

''കണ്ടോ, ഇങ്ങനെ വേണം ഉത്തരമെഴുതാൻ' എന്ന ഭാവത്തിൽ ഞാനും.

''ഈ 'ഇങ്ക' എന്താടാ''? ഒടുവിൽ ടീച്ചർ ചോദിച്ചു.

ചെറിയൊരു നാണം തോന്നിയെങ്കിലും ഞാൻ വിശദീകരിച്ചു.

''ടീച്ചറെ, അതീ പശുവിന്റെ വയറ്റിന്റെ അടിയിൽ പാൽ പിഴിഞ്ഞ് എടുക്കുവേലെ. അതാ ഇങ്ക.''

ടീച്ചറിന് വീണ്ടും ചിരിപൊട്ടി.

''അതിന്റെ പേര് ഇങ്ക എന്നാണെന്നു നിന്നോട് ആരാ പറഞ്ഞത്?''

ടീച്ചറിന്റെ ചോദ്യം കെട്ട് എനിക്ക് പാവം തോന്നി. ടീച്ചറിന് ഒന്നും അറിയില്ല, കഷ്ടം!

ഞാൻ വിശദീകരിച്ചു.

''തേങ്ങ കിട്ടുന്നത് തെങ്ങീന്നല്ലേ? മാങ്ങ കിട്ടുന്നതു മാവേന്നല്ലേ? അന്നേരം ഇങ്ക് കിട്ടുന്നത് ഇങ്കായേന്ന്!'' എന്റെ യുക്തി കേട്ട് ടീച്ചർ കണ്ണ് മിഴിച്ചു കാണും. ഞാൻ ശ്രദ്ധിച്ചില്ല, കേട്ടോ.

''എങ്ങനെ ? എങ്ങനെ?'' ടീച്ചറിന്റ ഒരു ചോദ്യം വീണ്ടും.

ശ്ശോ, ഇനിയും ഞാൻ പറഞ്ഞുകൊടുക്കണം!

''ടീച്ചറേ നമ്മൾ കുഞ്ഞുവാവകൾക്ക് ഇങ്ക് കൊടുക്കത്തില്ലേ. എന്റെ അനിയത്തി വാവ കരയുമ്പോൾ ''കരയണ്ടട്ടോ. അമ്മച്ചി ഇങ്ക് തരാട്ടോ' എന്ന് പറഞ്ഞ് അമ്മച്ചി ഇങ്ക് കൊടുക്കും. അതാ ഇങ്ക.''

ടീച്ചറിന് എന്തൊക്കെയോ പിടി കിട്ടി. പിന്നൊന്നും ചോദിച്ചില്ല.

രണ്ടാം ക്ലാസ്സിലെ സ്ത്രീ കുരുന്നുകളുടെ മുഖത്ത് നാണം വിരിഞ്ഞതും, പുരുഷ കുഞ്ഞുങ്ങൾ കളിയാക്കി ചിരിച്ചതുമൊന്നും ഞാൻ ശ്രദ്ധിക്കാൻ പോയില്ല. മലയാള ഭാഷയ്ക്ക് പുതിയൊരു വാക്ക് സംഭാവന ചെയ്ത ഞാനാര്! ഇതിനൊന്നും കഴിയാത്ത ഇവരാര്! പുതിയൊരു വാക്ക് കണ്ടെത്തിയതിന്റെ അഹങ്കാരമൊന്നുമില്ലാതെ അവസാനിപ്പിക്കുന്നു. •

# അക്ഷരവിരുന്ന്...



വീണ പി. നായർ

അമൃതുപോലൊഴുകുന്നയക്ഷരങ്ങൾ
അതിരു തീർക്കാത്ത ധരണി പോലെ.

അരമണികിലുക്കി കടന്നുവന്നുള്ളിൽ
അക്ഷരക്കൂട്ടുകൾ വിരുന്നൂട്ടുവാൻ.

അക്ഷരപ്പുരയോ നിറഞ്ഞു കവിഞ്ഞു
അലയാഴി പോലെ തിരയും പൊന്തി.

വാനോളമുയരത്തിൽ പാറിപ്പറന്നു
വിജയരഥത്തിന്നലയൊലിയായ്.

ആനന്ദദായക കഥകൾ പിറക്കെ
ആമോദ ചിത്തരായസ്വാദകരും.

മാമല താിപ്പറന്നങ്ങുയരുന്നു
മേലേ വാനിലെയക്ഷരക്കാഴ്ചകൾ.

അക്ഷരമൊഴുകുന്നയാകാശപ്പരപ്പിൽ
അഴിയെണ്ണി ഞാനും വാക്കിനെത്തേടി.




വാക്കുകളൊക്കെയും ഹൃത്തടത്തിൽ
വിത്തുപാകി പുത്തനാശയത്തിനായ്.

മഴപൂത്ത വാനിൽ തെളിയുന്നു വീണ്ടും
മഴക്കാലം പോലെന്നക്ഷരക്കൂട്ടവും.

മഹിയിൽ കുടചൂടിയുയരത്തിലായ്
മാനസ്സ വിരുന്നായിന്നെന്നക്ഷരങ്ങൾ.

# നമ്മൾ ശക്തരല്ല..



അഷ്റഫ് പൂച്ചാടിയൻ

നമ്മുടെ കണ്ണുകളിൽ കണ്ണുനീർ ഒളിപ്പിച്ച് എല്ലാവരുടെയും മുന്നിൽ നമ്മൾ നന്നായി നോക്കിയാൽ...

നമ്മൾ ശക്തരല്ല..

നമ്മളെക്കാൾ വലിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും ആഴത്തിലുള്ള മുറിവുകളും പരുഷമായ വാക്കുകളും സഹിച്ച് മുന്നോട്ട് പോകുകയും ചെയ്താൽ നമ്മൾ ശക്തരല്ല.

നമ്മുടെ ബലഹീനതകളും സങ്കടങ്ങളും ഹൃദയത്തിൽ മറച്ചുവെക്കുക എന്നതാണ് പ്രധാനം.. ഒറ്റയ്ക്കായിരിക്കുമ്പോൾ നമ്മുടെ ദൗർബല്യം വെളിപ്പെടുത്തുന്നു. രാത്രിയിൽ നമ്മുടെ കരച്ചിൽ ആരും കാണുന്നില്ല. പണ്ടേയുള്ള നമ്മുടെ അലഞ്ഞുതിരിയൽ ആർക്കും മനസ്സിലാകില്ല.. നമുക്ക് ഉണ്ട്. സഹിക്കാനുള്ള കഴിവ് വലുതാണെങ്കിലും നമ്മുടെ വ്യക്തിത്വത്തിന്റെ ഒരു ഭാഗം നമുക്ക് വേണ്ടി മാത്രം മറച്ചു വയ്ക്കുന്നു.. ആർക്കും ഒന്നും അറിയില്ല.. കാറ്റ് കുലുങ്ങാത്ത മല പോലെ എല്ലാവരുടെയും മുന്നിൽ നമ്മൾ നിൽക്കുന്നു, സത്യത്തിൽ നമ്മൾ കൂടുതൽ ഭാരം കുറഞ്ഞവരാണ്. ഒരു തൂവലിനേക്കാൾ..

# തെറ്റും ശരിയും





എ.കെ ശശി വെട്ടിക്കവല

തെറ്റ് ഏത്? ശരിയേത്?. ഒരു കൂട്ടരുടെ തെറ്റ് മറ്റൊരു കൂട്ടർക്ക് ശരി.

ഒരു കാലത്തെ ശരി മറ്റൊരു കാലത്ത് തെറ്റ്. ഒരു നാട്ടിലെ തെറ്റ് മറ്റൊരു നാട്ടിന് ശരി.

എന്റെ ശരികൾ നിങ്ങൾക്ക് തെറ്റ്.

നിങ്ങളുടെ ശരി എനിക്ക് തെറ്റ്.

മനുഷ്യൻ മനുഷ്യനെ കൊല്ലുന്നത് തെറ്റ് എന്ന് എല്ലാവരും പൊതുവെ അംഗീകരിക്കുന്ന ശരി.

എന്നാൽ യുദ്ധക്കളത്തിലെ കൊലയോ?

അത് പലർക്കും ശരിയായി മാറുന്നു.

ദയാവധം ചില രാജ്യങ്ങളിൽ ശരി. മറ്റു ചില രാജ്യങ്ങൾക്ക് തെറ്റ്.

ഗോഹത്യ ഒരു കൂട്ടർക്കു മഹാപാപം. എന്നാൽ ജന്തുഹത്യ മുഴുവൻ പാപമല്ലയെന്നു മറ്റു ചിലർ.

ജീവന്റെ വില സമസ്ത ജീവികൾക്കും തുല്യമെന്നിരിക്കെ എറുമ്പിനെ കൊന്നാലും ആനയെ കൊന്നാലും തെറ്റ് തെറ്റല്ലാതാകുമോ?

എന്നാൽ എറുമ്പിനെ കൊല്ലുന്നവന് ശിക്ഷയില്ല. ആനയെ കൊല്ലുന്നവനോ?

എന്നാൽ നിയമത്തിന്റെ അംഗീകാരം ഉണ്ടേൽ ആനയെയും വെടിവച്ചു കൊല്ലാം..

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടാൻ പാടില്ല. നീതി പീഠത്തിന്റെ മഹത്തായ ശരി!

പക്ഷെ തെളിവുകൾ എതിരായാൽ നിരപരാധി ശിക്ഷിക്കപ്പെടുന്ന എത്രയോ അനുഭവങ്ങൾ!

ഒരു കാലത്തെ ശരി മറ്റൊരു കാലത്തെ തെറ്റാകുന്നു. പണ്ടു കാലത്തു മൃഗങ്ങളെ ദൈവത്തിനു കുരുതി കൊടുക്കുന്നത് ഒരു കൂട്ടർ പുണ്യകർമ്മമായി കരുതിയിരുന്നു.

ഇന്നത് നിയമം മൂലം നിരോധിച്ചിരിക്കുന്നു.

ഭർത്താവ് മരിച്ചാൽ അടക്കുന്ന ചിതയിൽ, ഭാര്യയും ചാടിമരിക്കണമെന്നത് ഒരു കൂട്ടരുടെ ധർമ്മപരമായ ശരിയായിരുന്നു. തെറ്റെന്നു കണ്ടെത്തി അത് പിന്നെ നിരോധിച്ചു.

ഈ ജനാധിപത്യഭരണത്തിൽ, ഭരണകക്ഷി പ്രതിപക്ഷമാകുമ്പോഴും, തിരിച്ചു പ്രതിപക്ഷം ഭരണകക്ഷിയാകുമ്പോഴും തെറ്റും ശരിയും മാറി മാറി ആവർത്തിക്കപ്പെടുന്ന വിരോധാഭാസം നാം കണ്ടു കൊണ്ടിരിക്കുന്നു...

ഇവിടെ തെറ്റും ശരിയും മാറി മാറി ആവർത്തിക്കുന്നു.

ഈ തെറ്റും ശരിയും ആരാണ് തീരുമാനിക്കുന്നത്? ഇതു ആരുണ്ടാക്കുന്നു? നാം മനുഷ്യർ തന്നെ.

ഇനിയും പറയൂ... എവിടെയാണ് തെറ്റ്?

എവിടെയാണ് ശരി?

കവിത

# വിശ്വപൗരൻ...



സാജു ജോർജ് കൊല്ലം

കാൽപ്പന്ത് കളിയുടെ കൗതുകക്കാഴ്ചയിൽ
കാലിളക്കത്തിൻ ത്വരിത വേഗങ്ങളിൽ
കായികവിനോദമൊരു
ഹരമായി
കല്പനയെത്താത്ത കാലടക്കവുമായി
കണ്ട് നാം എത്രയോ
കാൽപ്പന്ത് വീരരെ
കണ്ണിമ പൂട്ടാതെ കാലങ്ങളിതു വരെ..
കാമിനി വേണ്ട കവിത വേണ്ട...
കാലിലെ മാന്ത്രിക ചലനങ്ങൾ മാത്രം
കാപ്പിരിയില്ല വെളുത്തവനില്ല
കാലദേശങ്ങൾ ഒരു ഹർഷാരവത്തിൽ...
കളി പ്രവചനങ്ങൾ കാറ്റിൽപ്പറത്തി
കൊച്ചു ദേശങ്ങൾ കരുത്ത് കാട്ടി
കൊച്ചു വട്ടത്തിൽ നമ്മൾ ഒതുങ്ങി..
കാഹളഭേരി യുദ്ധങ്ങൾക്കായി
കാലപുരിക്കെത്ര യുവത്വങ്ങൾ പോയി..
കർമ്മത്തിൽ ഒന്നായ സഹോദരർ നാം
കാൽപന്ത് കളിപോലെ
വിശ്വപൗരന്മാരാകാം...



കവിത

# നിന്നെ അടയാളപ്പെടുത്തുമ്പോൾ



ബിന്ദു. വി.എസ്

നീ മൗനമുറഞ്ഞ
ഒരു കടലാകുമ്പോൾ
സ്വത്വ ഭാവം വിട്ട
നിന്നെ ഞാനെങ്ങനെ
എന്നിലേക്കാവാഹിക്കും.
നിന്റെ കണ്ണുകളിൽ
നിശ്ശബ്ദത
തളം കെട്ടുമ്പോൾ
ആരവങ്ങളെ മാത്രം
അറിയുന്ന ഞാൻ
നിന്നെയെങ്ങനെ
എന്റെ ഉള്ളിൽ
കുടിയിരുത്തും
നീ എന്നിൽ നിന്നും
എത്ര ദൂരത്തിലായാലും
നിന്റെ ഗതി വേഗങ്ങൾ
ഞാനറിഞ്ഞിരുന്നു
ഇന്നിപ്പോൾ നിന്നെ
എനിക്കറിയില്ല
നീയെന്റെ
ആകാശവുമല്ല
ഞാൻ നിന്റെ
ഭൂമിയുമല്ല
നീ എന്നിൽ
പെയ്യേണ്ടതുമില്ല
ഞാൻ നിന്നെ
പുണരുകയുമില്ല

# അനാഥരുടെ മേൽക്കൂര



പ്രിയ മുരളി

ബീച്ചിലെ ഒരു സായാഹ്നം, തിരമാലകൾ മണലാരണ്യത്തെ പുൽകിക്കൊണ്ട് ഇടയ്ക്ക് വന്നും പോയിമിരുന്നു. അത് ആസ്വദിക്കാൻ എത്തിയ ആൾക്കാരുടെ പാദങ്ങളെയും അവ തൊട്ടു തലോടിയിരിക്കുന്നു.

ഇളങ്കാറ്റിൽ വർണ്ണ ബലൂണുകൾ കയ്യിലേന്തിയ ഒരു ആൺകുട്ടി അവരുടെ ഇടയിൽകൂടി അങ്ങിങ്ങ് നടക്കുന്നു.. അവനോടൊപ്പം കൈകളിൽ തൂങ്ങി ഒരു പെൺകുട്ടിയും..

മുഷിഞ്ഞ വേഷങ്ങൾ, പാറി പറന്ന തലമുടികൾ, വിശപ്പിന്റെ അസഹനീയമായ ഭാവം അവരുടെ കണ്ണുകളിൽ നിഴലിച്ചിരിക്കുന്നു. ബീച്ചിലെ സായാഹ്നം ആസ്വദിക്കാൻ എത്തിയവരിൽ, ചിലർക്ക് തങ്ങളുടെ അടുത്തുകൂടെ അവർ നടക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല., അവർ കളിയാക്കാനും ആട്ടിപ്പായിക്കാനും ശ്രമിച്ചുകൊണ്ടിരുന്നു. മറ്റു ചിലരാവട്ടെ ബലൂണുകൾ വാങ്ങുന്നതും അവരെ നോക്കി പുഞ്ചിരിക്കുന്നതും കാണാമായിരുന്നു ബഹുജനം പലവിധം അല്ലേ ഇല്ലാത്തവനെ കാണുമ്പോൾ ഉള്ളവന്റെ ഒരു തമാശ. അത് എത്ര മാത്രം മറ്റുള്ളവരെ ബാധിക്കുമെന്ന് ആരും മനസിലാക്കാൻ ശ്രമിക്കുന്നതുമില്ല.. അവർക്കു അതിന്റെ ആവശ്യകതയില്ല.

ബലൂണുകൾ വിറ്റു കിട്ടിയ കാശുകൾ ഒരു നിധി പോലെ അവൻ തന്റെ തോളിൽ തൂക്കിയിട്ടിരുന്ന ഒരു പഴയ സഞ്ചിയിൽ ഇട്ടു.. ആൾക്കാരുടെ ശബ്ദ കോലാഹലവും പൊട്ടിച്ചിരികളും അന്തരീക്ഷത്തിൽ മുഖരിതമായി കൊണ്ടിരുന്നു. ഒരു സ്ഥലത്ത് ഒരു കുട്ടിയുടെ ജന്മദിനാഘോഷത്തിന്റെ കേക്ക് മുറിക്കുന്ന തിരക്ക്.. അവരുടെ ബന്ധുക്കൾ ആയിരിക്കും ചുറ്റും കുറെ പേർ ചേർന്ന് ആശംസകൾ പറയുന്നു. കേക്ക് മുറിക്കുന്ന കുട്ടിയെ കണ്ടു. അമ്മ പറഞ്ഞ കഥയിലെ രാജകുമാരിയെ പോലെ തോന്നിക്കുന്നു. കേക്ക് മുറിച്ച് ഓരോരുത്തർ അവളുടെ വായിൽ നൽകിക്കൊണ്ട് മിരിക്കുന്നു... ഞങ്ങളുടെ വേഷവും ഭാവവും കിട്ടായിരിക്കും അവർ അവജ്ഞയോടെ ഞങ്ങളെ നോക്കിയത്.

അവൻ തന്റെ അനിയത്തിയുമായി ബീച്ചിന്റെ സൈഡിലെ പാർക്കിന്റെ തിണ്ണയിൽ കയറിയിരുന്നു വഴിയോര കച്ചവടക്കാരനിൽ നിന്നും വാങ്ങിയ രണ്ടു വടകൾ അവൻ തന്റെ മുഷിഞ്ഞ സഞ്ചിയിൽ നിന്നുമെടുത്തു. വിശന്നു തളർന്നിരിക്കുന്ന അനിയത്തിയുടെ കൈകളിലേക്ക് വെച്ചുകൊടുത്തു.. ആ കുഞ്ഞ് ആർത്തി പൂണ്ട് അത് കഴിക്കാൻ തുടങ്ങി.. അവൻ അതും നോക്കിയിരുന്നു.

അവരുടെ മുന്നിലൂടെ മാതാപിതാക്കളുടെ കൈകളിൽ പിടിച്ച് പല കുട്ടികൾ പോയി കൊണ്ടുമിരുന്നു..

മിന്നുന്ന ഉടുപ്പുകളും, വിലയേറിയ പെർഫ്യൂം അടിച്ച ആൾക്കാർ ആ സായാഹ്നത്തിന് കൂടുതൽ മനോഹാരിത നൽകിക്കൊണ്ട് കടന്നുപോയിക്കൊണ്ടിരുന്നു... അവരുടെ പെർഫ്യൂമിന്റെ മണമെല്ലാം., ആ കാറ്റിൽ അലയടിച്ചിരുന്നു..

തങ്ങളുടെ പ്രായത്തിലുള്ള കുട്ടികളൊക്കെയുണ്ട് ആ കൂട്ടത്തിൽ, മാതാപിതാക്കളുടെ സ്നേഹവും, കരുതലും ആവോളം ആസ്വദിച്ച് നല്ല വീടുകളിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ടവർ അവരെ സ്നേഹിക്കാൻ ധാരാളം ആൾക്കാറുണ്ട്.

ഇവിടെ തനിക്കും അനിയത്തിക്കും വേറെയാരുമില്ല.. താമസിക്കാൻ ഒരു കൂര പോലുമില്ല. അമ്മയെ കണ്ട ഓർമ്മ മാത്രമേ തനിക്ക് ഉണ്ടായിരുന്നുള്ളൂ അമ്മയുടെ രുദ്രൻ എന്നുള്ള വിളി ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നത് പോലെ ഇടയ്ക്കിടെ തനിക്ക് തോന്നാറുണ്ട്... രുദ്ര മോളെ താരാട്ട് പാടി അമ്മ ഉറക്കാറുണ്ടായിരുന്നു.

അമ്മയുടെ പാട്ട് കേട്ടാൽ അവൾ ശാന്തമായി ഉറങ്ങും. അമ്മ വാരിതരുന്ന ഭക്ഷണത്തിന്റെ രുചി അതൊന്നു വേറെ തന്നെ ആയിരുന്നു, ആ ഓർമ്മകൾ അവന്റെ കണ്ണിനെ ഈറനണിയിപ്പിച്ചു. ഈ പ്രായത്തിൽ തങ്ങൾ എന്തൊക്കെ ബുദ്ധിമുട്ട് സഹിച്ചു കഴിയുന്നു..

ഇടയ്ക്ക് പല രാത്രികളിൽ അമ്മയെ കാണാൻ പലഹാരപ്പൊതിയുമായി വന്ന ആ മനുഷ്യൻ ആരാണെന്ന് എനിക്കറിയില്ലായിരുന്നു. എന്റെ കുഞ്ഞു മനസ്സിൽ അയാൾ കൊണ്ടുവരുന്ന പലഹാരത്തിലായിരുന്നു പലപ്പോഴും കണ്ണുടക്കിയിരുന്നത് അത്രയക്കു മണവും രുചിയുമായിരുന്നു അതിന്.. അമ്മ ഒരു അനാഥയായിരുന്നതിനാൽ അനാഥർ താമസിക്കുന്ന ഒരു ടെൻഡറിൽ ആയിരുന്നു ഞങ്ങളുടെ താമസവും,, അമ്മ എപ്പോഴും പറയുന്നത് കേൾക്കാം സ്വന്തമായി ഒരു വീട്, എന്റെ മക്കളെ ചേർത്തുപിടിച്ച് എനിക്കതിൽ കിടന്നുറങ്ങണമെന്ന്, അമ്മയുടെ വാക്കുകൾ കേൾക്കുമ്പോൾ പല രാത്രികളിലും ഞാൻ സ്വപ്നം കാണാറുണ്ടായിരുന്നു ഞങ്ങളുടെ വീട്,,

മനോഹരങ്ങളായ പൂക്കൾ കൊണ്ട് നിറഞ്ഞ മുറ്റം. മുറ്റത്ത് കൂടെ അനിയത്തിയുടെ കൈ പിടിച്ചു കളിക്കുന്നത്, മഴ കൊള്ളാതെ സുഖമായി മൂടി പുതച്ചു കിടന്നു ഉറങ്ങുന്നത്,, അമ്മയുടെ ആഗ്രഹം അടുത്ത ജന്മത്തിലേക്ക് നീട്ടി അമ്മ ഒരു ദീനം വന്നു ഞങ്ങളെ വിട്ടുപോയി. പിന്നീട് അമ്മയെ



പ്പോലെ ഞങ്ങളും അനാഥരായി.

കയ്യിലുള്ള ചില്ലറത്തുട്ടുകളും നോട്ടുകളും എണ്ണിപ്പെടുത്തി.. പകുതി കാശ് ദാമു അണ്ണന് കൊടുക്കാനുള്ളതാണ്. അമ്മ മരിച്ചതിനു ശേഷം ഞങ്ങൾക്കു ജീവിക്കാനുള്ള ഒരു വരുമാന മായിട്ടാണ് ദാമു അണ്ണൻ തനിക്ക് ബലൂണുകൾ തന്നിരുന്നത്.. അണ്ണനും ഞങ്ങളെപ്പോലെ ഒരു അനാഥനാണ്.. ഞങ്ങളുടെ കൂട്ടത്തിൽ അനാഥരായ കുറച്ചു കുട്ടികളുമുണ്ട്.

പകലൊക്കെ എല്ലാവരും അവരെ കൊണ്ട് ആകുന്ന ജോലികളിൽ മുഴുകിയിട്ട് രാത്രി എല്ലാവരും ഒരുമിച്ചു ഒത്തുകൂടും,, കിട്ടിയ ആഹാരത്തിന്റെ പങ്ക് എല്ലാവരും കൂടെ വീതിച്ചു കഴിക്കും രാത്രി ഞങ്ങളെല്ലാം വല്ല പീടികയിലെ

തിണ്ണയിലോ ക്ഷേത്രമുറ്റത്തോ ഒക്കെ കിടന്നുറങ്ങാറാണ് പതിവ്,,

പല രാത്രികളിലും ശരിക്കൊന്നു ഉറങ്ങാൻ പോലും സാധിച്ചിരുന്നില്ല.. പോലീസുകാർ വന്ന് ഞങ്ങളെ ഓടിച്ചു വിടുമായിരുന്നു.. മഴയുള്ള ദിവസങ്ങളിൽ ഞങ്ങൾ തണുത്തു വിറച്ചു അങ്ങനെ ഇരിക്കും, മാറി ഉടുക്കാൻ അധികം തുണി ഇല്ലാത്തതിനാൽ നനഞ്ഞത് ഇട്ടു അങ്ങനെ ഇരിക്കും.. മഴ നനയാതെ ഒരു സ്ഥലം കിട്ടുകയാണെങ്കിൽ ഞങ്ങൾക്കതു സ്വർഗ്ഗം പോലെയായിരുന്നു. ചോർന്നൊലിക്കാത്ത ഒരു കൂര ഞങ്ങളുടെ സ്വപ്നങ്ങളിലും അപ്പുറമായിരുന്നു.. പല വീടുകളിന്റെ മുന്നിലൂടെ പോകുമ്പോഴും മനസ്സിൽ വെറുതെ ആഗ്രഹിച്ചു പോകാറുണ്ടായിരുന്നു ഇതുപോലൊരു വീട്ടിൽ എന്നെങ്കിലും കഴിയാൻ ഭാഗ്യം ഉണ്ടായിരിക്കാൻ ക്ഷേത്രത്തിൽ ഉത്സവം വന്നാൽ ഞങ്ങൾക്കൊരു ആഘോഷം തന്നെയാണ്.. അവിടെ വരുന്ന വഴിയോര കച്ചവടക്കാർ ഞങ്ങളെയും കൂട്ടത്തിൽ കൂട്ടും. അവരെ സഹായിക്കാൻ ഒപ്പം ഞങ്ങളും കൂടും.

ആ സമയമൊക്കെ അവരുടെ കൂടെ ടെൻഡറുകളിൽ മഞ്ഞു കൊള്ളാതെ ആയിരുന്നു ഞങ്ങളുടെ ഉറക്കവും.. അമ്പലത്തിൽ നിന്ന് ഇഷ്ടംപോലെ പ്രസാദവും ഞങ്ങൾക്ക് കിട്ടിയിരുന്നു.. ഞങ്ങളുടെ ജീവിതത്തിൽ ഇതൊക്കെ ആണ് വലിയ സന്തോഷങ്ങൾ. രാത്രി ആകാശം നോക്കി ഞങ്ങൾ കിടക്കുമായിരുന്നു. ആകാശത്തു വിടർന്നു നിൽക്കുന്ന നക്ഷത്രങ്ങളെ നോക്കി ഞങ്ങളുടെ വിഷമങ്ങൾ പറയാറുണ്ടായിരുന്നു.. ആ നക്ഷത്രങ്ങൾ ഒരു പക്ഷേ ഞങ്ങളുടെയൊക്കെ ആരൊക്കെയോ ആയിരിക്കാം.. ചിലതു ഞങ്ങളെ നോക്കി പുഞ്ചിരിക്കുന്ന പോലെ തോന്നിയിട്ടുണ്ട്..

ഞങ്ങളുടെ കൂട്ടത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഉണ്ടായിരുന്നു.. ആ കൂട്ടത്തിൽ തന്റെ അനിയത്തി രുദ്രയും.. തന്റെ അനിയത്തിയെ പോലെ അവർക്കും ഒരു സുരക്ഷിതത്വം.. അവരെ കഴുകൻ കണ്ണുകളാൽ നോക്കുന്ന ഈ സമൂഹത്തിലെ ചില ആൾക്കാരിൽ നിന്നും ഒന്ന് രക്ഷനേടാൻ ഒരു അടച്ചുറപ്പുള്ള വീട് ഞങ്ങൾക്ക് എന്തിനേക്കാളും അത്യാവശ്യം അതു തന്നെയാണ്.. അതാണ് ഞങ്ങളുടെ ആഗ്രഹവും.

കുന്നോളം ആഗ്രഹിക്കാം. കടുക് മണിയോളമെങ്കിലും ജീവിതത്തിൽ കിട്ടിയാൽ മതിയായിരുന്നു.. തങ്ങൾക്ക് ഇനിയും ജീവിതത്തിൽ കുറേ ദൂരം മുന്നോട്ട് പോവാൻ കിടക്കുന്നു..

കിനാവ് കണ്ട സ്വപ്നങ്ങൾ നടക്കാൻ നല്ലത് പോലെ അധ്വാനിച്ചാൽ മാത്രമേ ഞങ്ങൾക്ക് സാധിക്കുകയുള്ളൂ.. ഞങ്ങളെ പോലെയുള്ള കുട്ടികൾക്കു ഈ സമൂഹത്തിൽ നിന്നും കിട്ടുന്നത് പലപ്പോഴും അവഗണനകൾ മാത്രം. തളർന്നിരിക്കാൻ സമയം ഇല്ല, വിഷമങ്ങൾ, ഒരു മൂലക്ക് മാറ്റി വെച്ചിട്ട് അവൻ തന്റെ സഹോദരിയുടെ കൈ പിടിച്ചു വീണ്ടും, ബലൂൺ കച്ചവടത്തിന് ഇറങ്ങി,, ഒരു നല്ല നാളെ തങ്ങൾക്കും വരുമെന്ന പ്രതീക്ഷയിൽ സ്വന്തമായി ഒരു കൂര അതിൽ സമാധാനമായി ഞങ്ങൾക്കു കിടക്കാൻ പറ്റുമെന്ന ആഗ്രഹത്തോടെ മനസ്സിൽ ഉറപ്പിച്ച് അവൻ നടന്നു നീങ്ങി....





# മടങ്ങിവരാത്ത യാത്രയിലേക്കുള്ള യാത്രയിലാണവർ...

''ഡാ എന്താ നിനക്ക് പറ്റിയത് ?, നീ ആകെ മാറിയല്ലോ ?''

''ഉവ്വോ...?'' ഒരു ഭാവ വ്യത്യാസവും ഇല്ലാതെയുള്ള അരവിന്ദന്റെ മറുപടി അബ്ദുള്ളയെ വല്ലാതെ വേദനിപ്പിച്ചു. എന്നാലും ആ പാടവരമ്പിലെ സായം സന്ധ്യകളിൽ ഭയവും ഇല്ലാതെ കളിച്ചു നടന്ന കാലം. വാതോരാതെ സംസാരിച്ചും, ഓടിയും, ചാടിയും, മലക്കം മറിഞ്ഞും കുട്ടിക്കാലം സന്തോഷകരമായി കടന്ന് പോയത് മനസ്സിൽ തെളിഞ്ഞു കിടക്കുന്നുണ്ട്. എന്നാണതൊക്കെ തിരിച്ചുകിട്ടുക,

''ഡാ അരവി ???'' വിളി എവിടെയോ ഏശിയ പോലെ !

''എനിക്കെല്ലാം മനസ്സിലാവുന്നുണ്ട് അബൂ....'' കാലം കലിതുള്ളി നിൽക്കാ, ഞാൻ നിസ്സഹായനാണ്, ഒരു പക്ഷെ നിന്നോട് പോലും എനിക്ക് മനസ്സ് തുറക്കാൻ കഴിയുന്നില്ലല്ലോടാ... ! എനിക്കൊന്നൂല്യ. തിരിച്ചുകിട്ടാത്ത പലതും ഇനിയെത്ര യാത്ര ചെയ്താലും കിട്ടുന്നതല്ലല്ലോ...''

''ശരിയാ, നീ പറഞ്ഞതെല്ലാം ശരിയാണ്, എന്നാലും നിന്റെ അബൂനോട് എല്ലാ പറഞ്ഞോളു...''

ഒന്നുമില്ലാതെ നടന്ന കാലത്തിൽ രണ്ട് ശരീരമാണെങ്കിലും മനസ്സ് ഒന്നായിരുന്നല്ലോ, ഇടയ്ക്കെപ്പോഴോ ഒന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്തൊക്കെ ആരൊക്കെയോ നമ്മളെ എങ്ങോട്ടേക്കോ പായിച്ചു. കൂടെ പോവുകയല്ലേ നിവർത്തിയുണ്ടായിരുന്നുള്ളൂ....

പണവും പ്രതാപവും നേടിയെടുക്കാൻ ഓടിയതെല്ലാം മറന്നില്ല, ഉപയോഗ്യശൂന്യമായി പോയ പലതിനും അന്ന് നമ്മൾ ഇട്ട വില എന്തൊക്കെ ആയിരുന്നു. കാലത്തിനൊപ്പം ഓടിയപ്പോൾ കാലം തന്നെ നമ്മളെ തോൽപ്പിച്ചില്ലെടോ ഹമുക്കേ ! എന്തൊരു കാലമാടാ.''

''കുളിക്കടവിലെ ഒളിഞ്ഞു നോട്ടത്തിൽ അന്ന് കണ്ട സൂസന്ന കല്ലെ റിഞ്ഞു ഓടിച്ചത്, ഇന്നലെയും അവളെ കപ്പോൾ പറഞ്ഞു കളിയാക്കി. ഓർമ്മകളെ അൽഷിമേഴ്സ് കാർന്ന് തിന്നിരുന്നെങ്കിൽ. ഹേ...''



ഹരിഹരൻ പങ്ങാരപ്പിള്ളി

''നേരം ഇരുട്ടുണ് ബാ പോകാം.'' രണ്ടു പേരും പാതയോരത്തെ പുൽനാമ്പുകളെ പ്രതീക്ഷിച്ചു സ്കെച്ചേർസ് ഷൂവുമിട്ട് നടന്നു നടന്നു വീടെത്തിയത് അറിഞ്ഞതേയില്ല. അബൂനെ വീട്ടിലേക്ക് കയറ്റിവിട്ടു എതിർവശത്തുള്ള തന്റെ വീട്ടിലേക്ക് അരവിന്ദനും കയറി വാതിലടച്ചു.

കുളിരേകുന്ന ശീതീകരണമുറിയിൽ മക്കൾ അനുവദിച്ച ഇടങ്ങളിൽ ജീവിതത്തിന്റെ സാധാരണത്വം നഷ്ടപ്പെടുത്തി അസാധാരണമാം വിധം ആ സൗഹൃദങ്ങൾ വളർന്നു എന്ന് സമൂഹവും വിധിയെഴുതിയ ലോകത്ത് നിന്ന് ആ രാത്രിയിൽ മടങ്ങി വരാത്ത ലോകത്തേക്ക് അവർ രണ്ടു വീട്ടിൽ നിന്നും യാത്രയായി.

ഉമ്മറവാതിൽ തുറന്ന രാഗിണിയുടെ മിഴികൾ ആ മനോഹരമായ കാഴ്ച്ചയിൽ ഉടക്കിനിന്നു. നിറയെ തളിർത്ത് പടർന്നു പന്തലിച്ച് ഊത വർണ്ണത്തിലുള്ള ഇലകളാൽ അലങ്കരിച്ചു വെച്ച ഹൃദയാവർജ്ജകമായ തിരുമുൽക്കാഴ്ച്ചയൊരുക്കി നിൽക്കുന്നു തന്റെ പ്രിയപ്പെട്ട സിന്ദൂരം.

നോക്കിനിൽക്കെ അവളുടെ മനസ്സിലേക്ക് ആ സിന്ദൂരക്കുഞ്ഞിന്റെ ശൈശവം എത്തി നോക്കി. ഏതോ കൃഷി ഗ്രൂപ്പിൽ കായ്ച്ചു നിൽക്കുന്ന സിന്ദൂരം മാവും മൂത്ത് പഴുത്ത് പ്രണയ സിന്ദൂരം ചാർത്തിയ മാമ്പഴവും കണ്ട് മോഹിച്ച് വർഷങ്ങൾക്കു മുൻപ് ദൂരെയുള്ള ഒരു നഴ്സ റിയിൽ നിന്ന് വരുത്തിയതായിരുന്നു ആ കുഞ്ഞിനെ.



# 'താഴ്മതാൻ അഭ്യുന്നതി' .... പഴഞ്ചൊല്ല് പതിരാകുന്നുവോ



ഗിരിജ എം.യു.

മുറ്റത്തിന് അരികിലായി നട്ടുപിടിപ്പിച്ച് ഓരോ ദിവസത്തെ യും വളർച്ച കണ്ണും നട്ട് കാത്തിരുന്ന ദിനങ്ങളിലൊന്നിലാണ് ഘാതകൻ തെങ്ങുകയറ്റക്കാരന്റെ രൂപത്തിലെത്തി ഒരു മുഴുത്ത തേങ്ങാക്കുല ആ കുഞ്ഞുമേനിയിലേക്ക് വെട്ടിയിട്ടത്. ആ കാഴ്ചയിൽ അവൾ തളർന്നുപോയി. ദ്വേഷ്യവും സങ്കടവും മുപ്പത്തിരണ്ടു പേരുടെ ശക്തമായ ചിത്രപ്പൂട്ടിട്ട് പൂട്ടി.

കാരണം അന്ന് അവരെ കൺപാർക്കാൻ പലതവണ പുലർച്ചെ അവരുടെ തിരുമുമ്പിൽ ഓഛാനിച്ചു നിന്നിട്ടു വേണം അവരുടെ ഇഷ്ടദിനം നോക്കി ഒന്ന് കനിയാൻ. ഇന്ന് അതിന്റെയൊക്കെ പ്രതികാരമെന്നോണം കേരവൃക്ഷങ്ങൾ മിക്കതും മകൾ മറിച്ച് ആത്മഹത്യ ചെയ്തിരിക്കുന്നു. ആ തൈമാവ് ഊർധ്വൻവലിക്കുമെന്ന് കരുതി, പക്ഷേ തന്റെ ഹൃദയവേദന മനസ്സിലാക്കിയിട്ടെന്ന പോലെ അവൾ പതിയെ പുനർജ്ജനിക്കാൻ തുടങ്ങി. ഒരു കൊച്ചു കുഞ്ഞിനെയെന്നോണം അവളെ ലാളിച്ച് വേണ്ട ശുശ്രൂ ഷകൾ സമയാസമയങ്ങളിൽ നൽകി. അവൾ ബാലാരിഷ്ടത വിട്ട് കൗമാരവും കടന്ന് യൗവനത്തിലെത്തി.

ആദ്യമായി ഒരു പൂങ്കുല കണ്ട ദിവസം മനസ്സിൽ പൂത്തിരി കത്തിയത് ഇന്നും മറന്നിട്ടില്ല.
പക്ഷേ അതിൽ ഉണ്ണികൾ വിരിയാഞ്ഞത് അൽപ്പം നിരാശപ്പെടുത്തി. എന്നാൽ അടുത്ത വർഷം മുതൽ എല്ലാ വർഷവും നിറയെ പൂത്ത് കായ്ച്ച് കുങ്കുമം വാരിപ്പൂശിയ സുന്ദരികളായ മാങ്കനികൾ നിലംമുട്ടെയെന്നോണം

ഞാന്നു കിടന്നു. പെറ്റെണീറ്റ പെണ്ണ് കണക്കെ അവൾ വല്ലാതെ പടർന്ന് പന്തലിച്ചു. അത് പക്ഷേ അവൾക്കു തന്നെ വിനാശമായി. തലമുട്ടുന്നു, വിയിൽ മുട്ടുന്നു ഇതൊക്കെയായിരുന്നു സ്നേഹവും ഉപകാരസ്മരണയുമില്ലാത്ത മനുഷ്യരുടെ പരാതികൾ. അങ്ങനെ രാഗിണി വീട്ടിൽ നിന്ന് പുറത്തു പോയ ഒരു ദിനത്തിൽ കൊമ്പുകളെല്ലാം അറുത്തു മാറ്റി അവളെ വികലാംഗയാക്കി. രാഗിണിയെ കണ്ടതും വിതുമ്പിക്കരയുന്ന പോലെ അവൾ ബാക്കിയുള്ള ചില്ലകൾ ഇളക്കി വല്ലാതെ സങ്കടപ്പെട്ടു.

അന്ന് ആദ്യമായി രാഗിണി വല്ലാതെ പൊട്ടിത്തെറിച്ചു. ഇനി സിന്ദൂരത്തിൽ കൈവെച്ചാൽ ആ കൈ താൻ വെട്ടുമെന്ന് കലിയിളകിയ കണ്ണകിയെപ്പോലെ ഉറഞ്ഞു തുള്ളി. അത് കേട്ട് അവളുടെ സിന്ദൂരത്തിനും ആശ്വാസമായി. ആ മാങ്കനികളെ പ്രശംസിക്കുന്നവർ അവളെ നോക്കി അപ്പോഴും നിഷ്ഠൂരമായ വാക്കുകൾ പ്രയോഗിച്ചു.

''മാവ് വല്ലാതെ വീടിനെ മറക്കുന്നു. ഇത് വെട്ടിക്കളയാരുന്നില്ലേ...?''

''വെട്ടിക്കളയാനല്ല വെച്ചത്...'' എന്ന് രാഗിണി.

''മുറ്റമടിക്കാൻ പാടാണെന്ന് മറ്റൊരു കൂട്ടർ.'' താൻ ചെയ്തോളാമെന്ന് രാഗിണി.

ഇന്നും സിന്ദൂരത്തിന് താഴെയിരുന്ന് ടൈൽ പെയിന്റ് ചെയ്യുന്ന മുരുഗൻ പറയുന്നു സിംഹളച്ചുവയിൽ...

''ഇത് ഇലയെല്ലാം കൊഴിഞ്ഞ് ആകെ നാശമാകും. ശേട്ടാ... വേഗം പൂപ്പൽ പിടിക്കും, ഈ മാവ് വെട്ടിക്കളയ് സേട്ടാ...''

തങ്ങൾക്ക് തളർച്ചയില്ലാതെ ജോലി ചെയ്യാനാവുന്നത് ആ സിന്ദൂരത്തിന്റെ ചുവട്ടിലിരുന്നാണെന്ന് ഓർക്കാതെയുള്ള വാക്കുകൾ.

പെട്ടെന്ന് രാഗിണി പ്രതീക്ഷിക്കാത്ത ഒരു പ്രതികരണം നല്ല പാതിയിൽനിന്ന്

''ഇത് വെട്ടിയാൽ അതുപോലെ എന്റെ കയ്യും വെട്ടും എന്റെ ഭാര്യ...'' പകുതി കളിയായിട്ടാണെങ്കിലും പറഞ്ഞ വാക്കുകൾ രാഗിണിയുടേയും സിന്ദൂരത്തിന്റെയും മനസ്സിൽ കുളിർമഴ പെയ്യിക്കുന്നതായിരുന്നു.





ജോളി ഷാജി

# കൽപ്രതിമകൾ



ചന്തമുക്കിലെ ആ കൽപ്രതിമ പുലർച്ചെ മുതൽ കാണ്മാനില്ലത്രേ... വളരെ വർഷങ്ങൾക്കു മുന്നേ അവിടെ പ്രതിഷ്ഠിച്ചിരുന്ന ആ പ്രതിമക്ക് ഒരുപാട് പ്രത്യേകതകൾ ഉണ്ടത്രേ..

അതിനു മുന്നിൽ തിരി തെളിച്ചു പ്രാർത്ഥിച്ചാൽ നമ്മൾ ആഗ്രഹിക്കുന്ന ഏതു കാര്യവും നിറവേറുമത്രേ... കേട്ടറിവായി പല പല നാട്ടിൽ നിന്നും അവിടേക്കു ആളുകൾ ഒരുപാട് എത്താറുണ്ട്... അവിടെ കൽവിളകിൽ എണ്ണ ഒഴിച്ചു തിരി തെളിക്കാനും, ആ പ്രതിമക്ക് ചുറ്റും തിരിതെളിച്ചു പ്രാർത്ഥിക്കാനും നാനാജാതി മതസ്ഥരും എത്തുന്നതിന്റെ ഏറ്റവും വലിയ ഗുണം അവിടുള്ള കച്ചവടക്കാർക്ക് തന്നെയാണ്... അവർക്കു എണ്ണയും തിരിയുമൊക്കെ ഒരുപാട് വിറ്റു പോകുന്നുണ്ട്....

പുലർച്ചെ തന്റെ ചായക്കട തുറക്കാൻ വന്ന പൈലിച്ചേട്ടൻ പതിവുപോലെ കട തുറക്കും മുന്നേ തിരി കത്തിക്കാൻ എത്തിയതായിരുന്നു... അപ്പോളാണ് പ്രതിമ അപ്രത്യക്ഷമായത് കണ്ടത്... അദ്ദേഹം തന്റെ കയ്യിലിരുന്ന ചാക്ക് സഞ്ചി പോലും അവിടെ ഉപേക്ഷിച് ഒറ്റ ഓട്ടം ആയിരുന്നു... കുറച്ചപ്പുറത്തായി തലേന്ന് വൈകി ഓട്ടം കഴിഞ്ഞു പാർക്ക് ചെയ്തിരിക്കുന്ന ലൈൻ ബസിനു അടുത്താണ് ഓട്ടം നിർത്തിയത്... ബസിന്റെ ഡോർ ശക്തമായി മുട്ടി പൈലിച്ചേട്ടൻ നീട്ടി വിളിച്ചു....

“എടാ സതീഷേ ഒന്നെണീറ്റു വന്നേ..”

തലേന്നത്തെ ഉറക്കം വിട്ടുമാറാത്ത സതീഷും അബ്ദുവും ശബ്ദം കേട്ടു ചാടിയെണീറ്റു ഡോർ തുറന്നു...

“എന്തോന്നാ പൈലിച്ചേട്ടാ ഇത്... ഉറങ്ങാൻ സമ്മതിക്കാതെ..”

“എടാ അബ്ദുവേ നമ്മുടെ മുക്കിലെ കൽപ്രതിമ കാണാൻ ഇല്ല...”

അബ്ദുവും, സതീഷും ഒന്ന് ഞെട്ടി...

“ആ കൽപ്രതിമ പിന്നെ എവിടെ പോയി... ഇന്നലെ രാത്രിയിൽ ഞങ്ങൾ തിരിവെച്ചു പ്രാർത്ഥിച്ചതാണല്ലോ..”

സതീഷ് ചോദിച്ചു...

“എടാ ആരെങ്കിലും തട്ടിയെടുത്തു കൊണ്ടുപോയി കാണുമോ അത്...”

“ഒന്ന് പോടേ പൈലിചേട്ടാ... മഴയും വെയിലും കൊണ്ട് മുഖം പോലും തിരിച്ചറിയാൻ വയ്യാതെ കരിയും ചെളിയുമൊക്കെ ആയി നിൽക്കണ ആ പ്രതിമ ആര് കൊണ്ടുപോകാൻ... അതുമല്ല.. അത് കല്ലാണ്.. ആർക്കും പെട്ടന്ന് പൊക്കിക്കൊണ്ട് പോകാനും പറ്റത്തില്ല അത്...”

“എടാ അതിനു നല്ല പ്രാർത്ഥന ശക്തിയുള്ളതാണെന്നു നാട്ടിൽ മൊത്തത്തിൽ എല്ലാർക്കും അറിയാം... അതോണ്ട് ഏതേലും നാട്ടുകാർ വന്ന് പൊക്കിക്കൊണ്ട് പോയതാകും...”

എന്തായാലും വാർത്ത കാട്ടുതീ പോലെ നാടാകെ പരന്നു... പോലിസും വിരലടയാള വിദഗ്ദ്ധരും പത്രക്കാരു മൊക്കെ വന്നു പൊയ്ക്കൊണ്ടിരുന്നു... ആർക്കും ഒരു തെളിവ് പോലും കിട്ടിയില്ല...

ആ പ്രതിമ നിന്നിടത് അങ്ങനെ ഒന്ന് ഉണ്ടായിരുന്നു എന്ന പാട് പോലും അവശേഷിച്ചിട്ടില്ല.... ഒടുവിൽ ഡോഗ്സ്ക്വാഡും എത്തി... പ്രതിമ നിന്ന സ്ഥലത്തു മണം പിടിപ്പിച്ച ഉദ്യോഗസ്ഥർ ഡോഗിൽ ഒരുപാട് വിശ്വാസം പുലർത്തിയ കണ്ണുകളോടെ നോക്കി നിന്നു... പക്ഷേ ഡോഗിൽ പ്രത്യേക ഭാവമാറ്റം ഒന്നുമുണ്ടായില്ല....

ആളുകൾ ഇനിയെവിടെ അന്വേഷിക്കും എന്ന് ചിന്തിച്ചു അവിടെയും ഇവിടെയും കൂട്ടം കൂടി ആലോചനകളിൽ മുഴുകി ഇരിക്കവേയാണ് നനഞ്ഞ വസ്ത്രവുമായി രണ്ട് ആൺകുട്ടികൾ കിതച്ചോടി അവിടേക്കു വന്നത്...

“പ്രതിമ കണ്ടു, ഞങ്ങൾ പ്രതിമ കണ്ടു...”

ചുറ്റുപാട് മുഴുവനും നിശബ്ദമായ നിമിഷങ്ങൾ... എല്ലാവരും അവരെ തന്നെ ഉറ്റുനോക്കി അവർക്കടുത്തേക്ക് ഒഴുകിയെത്തി...

“എവിടെ, എവിടെയാ പ്രതിമ,”

ഒരു മത പ്രമുഖൻ ആണ്..

“കൈതോലി പാടത്തോട് ചേർന്നുള്ള ആ കുളത്തിൽ ഉണ്ട്...”

കേട്ടവർ ഒറ്റ ചിരി ആയിരുന്നു...

“ഒന്ന് പോയേ പിള്ളേരെ.. അൻപതു പേര് പിടിച്ചാൽ പൊങ്ങില്ലാത്ത ആ പ്രതിമ വണ്ടിയോ വഴിയോ ഇല്ലാത്ത ആ പാടത്തെ കുളത്തിൽ എങ്ങനെ എത്തുമെന്നാണ്...”

എല്ലാരും അവരുടെ വാക്കുകൾ തമാശയാക്കി മാറ്റി...

“അയ്യോ ഞങ്ങൾ കണ്ടതാണ്... സത്യമായും അതവിടെ ഉണ്ട്... അല്ലെങ്കിൽ വാ അവിടെ വരെ...”

പറയും മുന്നേ ചെക്കന്മാർ പാടത്തിന്റെ അങ്ങോട് ഓട്ടം തുടങ്ങി... അവർക്കു പിന്നാലെ ആളുകളും...

അവിടെത്തിയവരെല്ലാം ആ കാഴ്ച്ച കുസ്തംഭിച്ചു നിന്നു... ഏകദേശം കുളത്തിന്റെ ഒപ്പം തന്നെ വലിപ്പമുള്ള പ്രതിമ അതിലുണ്ട്...

“ഇനി എങ്ങനെ കയറ്റും...”

അതായി ആളുകളുടെ അടുത്ത ചർച്ച. കുറെ വർഷങ്ങളായി ആ പ്രദേശ ത്തുള്ള ആളുകൾ ഒരു വഴിക്കായി കേറിയിറങ്ങാത്ത ഓഫീസുകൾ ഇല്ല... അവർ നട ത്താത്ത സമരങ്ങൾ ഇല്ല... പല പ്രമുഖ വ്യക്തികളും അവരുടെ സ്ഥലം വഴിക്കു വിട്ടുകൊടുക്കാൻ തയ്യാറാവാ ത്തത് മൂലം കൈതോലി പാടത്തു കുറച്ചു നാൾ ആയി പലരും കൃഷിപോലും ഇറക്കാറില്ല...

എന്നാൽ ഇതാ ഇവിടെ തീരുമാനങ്ങൾ പെട്ടന്ന് ആയിരുന്നു... നിമിഷം പ്രതി ജേസിബി വരുന്നു ടിപ്പർ വരുന്നു.. മരങ്ങൾ മുറിച്ചുമാറ്റുന്നു, മണ്ണ് ഇളക്കി മാറ്റുന്നു... മണിക്കൂറുകളുടെ പ്രവർത്തനം കൊണ്ട് അവിടെ ഒരു മണ്ണ് റോഡ് രൂപപ്പെട്ടു കഴിഞ്ഞു...

ടൗണിൽ നിന്നും അപ്പോഴേക്കും ക്രെയിൻ എത്തി... കുട്ടികളൊക്കെ ആവേശത്തോടെ തുള്ളിച്ചാടി...

അങ്ങനെ നമ്മുടെ പ്രതിമ കുളത്തിൽ നിന്നും മേളിലേക്ക് കയറി.. ടിപ്പറിന് മുകളിൽ ഇരുന്നു പോകുന്ന പ്രതിമയെ നോക്കി റോഡ് സൈഡിൽ ചില്ലുകൂട്ടിൽ സുരക്ഷിതമായി വിശ്രമിക്കുന്ന മറ്റൊരു പ്രതിമ അപ്പോൾ ഇങ്ങനെ വിലപിക്കുകയായിരുന്നു..

“മഴയിൽ നിന്നും, വെയിലിൽ നിന്നും, തീപ്പൊള്ളലിൽ നിന്നും, തിളച്ച എണ്ണയുടെ ചൂടിനിന്നും രക്ഷപെടാൻ ഓടി പോയിട്ടും ആളുകൾ വിടില്ല അല്ലെ നിന്നെ... നമ്മുടെയൊക്കെ വിധി ഇങ്ങനെ കാലാകാലം തുടരാൻ ആണ്...”

ടിപ്പറിലെ കൽപ്രതിമയുടെ കണ്ണിൽ നിന്നും ഒഴുകിയിറങ്ങിയത് ആ കുളത്തിലെ വെള്ളത്തുള്ളികൾ ആയിരുന്നോ....

**കവിത**

# ഇരുളിൻറെ






നവാസ് മുക്കത്ത്

ഇഴ ചേർന്ന പ്രണയത്തിന്നിടവഴി
ക്കൂട്ടിലൂടൊരു വട്ടം കൂടി ഞാൻ നടന്നു
അകലത്ത് കാണുമാ പ്രണയമാം വെളിച്ച
മറിയാതെയെന്നെ നയിച്ചു
ഇരുളാർന്നൊരായിടവഴി തന്നിരുവശത്തു
മൊളിച്ചിരിപ്പൂ കാപാലികന്മാർ
പണ്ടെൻറെ പ്രണയത്തെ പിച്ചിച്ചീന്തിയോരാ
യിരുളിൻറെ തോഴരാമിരുകാലികൾ
ഇനിയുമീ വഴിയേ വരുന്നോരു വനിതയെ
യിരയാക്കി വിഴുങ്ങുവാനിരുപ്പോർ
എങ്കിലുമറിയാതെ മുന്നോട്ട് നീങ്ങി ഞാ-
നെന്നുടെ പ്രണയത്തെ തേടി
ഇനിയുമീ വഴിയിലെ കൂരിരുട്ടിനെ
സൂര്യപ്രഭയിൽ തെളിച്ചീടുവാൻ
പ്രതികാരദാഹിയായൊരു ചെന്നായ് പോലെ
ഞാനിരുളിൻറെ മറവിലൊളിച്ചിരിപ്പൂ

ഇനിയുമീയിടവഴി താണ്ടുമൊരു വനിതക്ക് പോലു
മപകടം പറ്റാതെ കാത്തീടുവാൻ
പ്രതികാരമാണെൻറെ പ്രണയമെന്നോതുവാൻ
മറുവാക്ക് ചിന്തിക്ക വേണ്ട പോലും
ഒരു നാൾ വിലയിച്ചു ചേർന്നിടും ഞാനെൻറെ
പ്രണയത്തിലെൻ ലക്ഷ്യം തീരുന്ന നാളിൽ



# തമിഴ് + മലയാളം
# തമിഴാളം



ബാബു. കെ

പാരോ പറഞ്ഞതുപോലെ ഈ നിമിഷവും കടന്നുപോകും... സുഖമായാലും ദുഃഖമായാലും ഒന്നും നിരന്തരം അല്ല ജീവിതമെന്ന ഘടികാരത്തിലെ സമയം നിലയ്ക്കുന്നതുവരെ സുഖദുഃഖ വേലകൾ മാറിമറിഞ്ഞു കൊണ്ടിരിക്കും ഒന്ന് പുറകോട്ട് തിരിഞ്ഞു നോക്കിയാൽ എന്റെ ജീവിതത്തിന്റെ 30 വർഷക്കാലയളവിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്.

തമിഴ്നാട്ടിലെ ഒരു ദരിദ്ര കുടുംബത്തിൽ ഏഴു മക്കളിൽ അഞ്ചാമനായി ഞാൻ ജനിച്ചത്. ആ രാത്രി മദ്യലഹരിയിൽ മയങ്ങിക്കിടന്ന അച്ഛൻ പോലും നേരം പുലർന്നതിനുശേഷം ആണ് അറി ഞ്ഞത് അപ്പുറത്തെ മുറിയിൽ പിഞ്ചു കുഞ്ഞായി ഞാൻ കിടന്ന് കരയുന്നത്. ഹിസ്റ്ററി പാഠപുസ്തകത്തിലും, കഥകളിലും മാത്രം വായിച്ചും കേട്ടും  അറിഞ്ഞിട്ടുള്ളത് പോലെയായിരുന്നു അവി ടുത്തെ സാധാരണക്കാരുടെ ജീവിതം. ഒരു കുത്തക മുതലാളിയുടെ കീഴിൽ അയാൾക്ക് വേണ്ട തൊഴിൽ ചെയ്തു അവിടെത്തന്നെ താമസം. മുൻകൂറായി തന്ന പണത്തിന് മാസാമാസം പലിശ വീട്ടിയും, ഒരികലും തീരാത്ത കടവുമായി ആ മുതലാളിക്ക് വേണ്ടി അദ്ധ്വാനിക്കുന്ന  കുടുംബ ങ്ങളിൽ ഒന്നായിരുന്നു എന്റെ കുടുംബവും.

അച്ഛനും അമ്മയും മക്കളും അടങ്ങുന്ന കുടുംബം ഒരുമിച്ചാണ് കയർ പിരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നത്. അച്ഛൻ തനി തമിഴൻ ആണെങ്കിൽ, അമ്മ ഒരു മലയാളിയാണ്. കേരളത്തിൽ നിന്നും അറിയാത്ത പ്രായത്തിൽ വിരിഞ്ഞ പ്രണയത്തിനു കൊടുക്കേണ്ടിവന്ന വിലയാണ് തമിഴ് നാട്ടിലെ അടിമ ജീവിതം.

വർഷങ്ങൾ കൂടുമ്പോൾ മാത്രമാണ് കേരളത്തിൽ വരുന്നത്. അന്നും എന്റെ അനുജനും അനുജത്തിക്കും മാത്രമാണ് ദൈവത്തിന്റെ സ്വന്തം നാട് കാണാൻ കഴിഞ്ഞിരുന്നത്. ഒരുപാട് കൊതി ച്ചിരുന്നു അന്ന് കേരളം ഒന്നു കാണുവാൻ, അമ്മയുടെ വീട് കാണുവാൻ, അതിലുപരി ട്രെയിൻ കാണുവാൻ അതിൽ ഒന്ന് യാത്ര ചെയ്യാൻ.... പക്ഷെ ഞങ്ങൾ മൂത്ത കുട്ടികളെയെല്ലാം അവി ടുത്തെ പണിക്ക് നിർത്തി, അച്ഛനും അമ്മയും അനുജനും അനിയത്തിയും ആയിട്ടാണ് വരുന്നത് പതിവ്. അതിൽ നിന്നെല്ലാം ഭാഗ്യം ലഭിച്ചവളായിരുന്നു എന്റെ രണ്ടാമത്തെ ചേച്ചി ജനിച്ച കുട്ടി ആയിരുന്നപ്പോൾ തന്നെ അവൾ അമ്മയുടെ വീട്ടിൽ ആയതുകൊണ്ട് പെൺമക്കളിൽ അവൾക്കു മാത്രം സ്കൂൾ കാണുവാനും പത്താം തരം വരെ പഠിക്കുവാനും കഴിഞ്ഞു.  ഞങ്ങൾ ആൺ കുട്ടികൾ ആയതു കൊണ്ടോ അതോ ആരുടെയെങ്കിലും നിർബന്ധത്തിനു വഴങ്ങിയോ ചേട്ടനെ യും എന്നേയും അനുജനെയും സ്കൂളിൽ ചേർത്തു. എന്നാൽ സ്കൂൾ പഠനത്തിന് വേണ്ട പെൻസിലും, പേനയും, നോട്ടുപുസ്തകങ്ങളും വാങ്ങാൻ അമ്മയ്ക്ക് ചിലവിന് കിട്ടുന്ന പൈസയിൽ മിച്ചം പിടിച്ചു കിട്ടണം. അങ്ങനെ ഞങ്ങൾ സ്കൂളിൽ പോയിക്കൊണ്ടിരുന്ന കാലത്തും പുലർച്ചെ അഞ്ചുമണി മുതൽ പാഠശാലയിൽ പോകുന്നതുവരെ കയറുപിരിക്കാൻ കുടുംബത്തിനൊപ്പം കൂടും. വൈകുനേരം തിരിച്ചുവന്നാൽ വീണ്ടും ഇതുതന്നെ ആവർത്തനം. ഒരിക്കലും മാറാത്ത നരക ജീവിതം എന്ന് ചേച്ചി പറഞ്ഞു കരയുന്നത് കാണാറുണ്ടായിരുന്നു.

അങ്ങനെയിരിക്കെ മൂത്ത സഹോദരിയുടെ വിവാഹം കഴിഞ്ഞു. അവൾ മറ്റൊരു ദുരിതത്തിലെ ക്കു കാലുറപ്പിച്ചു. വീണ്ടും മാറ്റമില്ലാതെ തുടരുന്ന

ജീവിതം. അങ്ങനെയിരിക്കെ ഒരിക്കൽക്കൂടി കേരളത്തിലേക്ക് പോകാനുള്ള തീരുമാനം അറിഞ്ഞ നാൾ തൊട്ട് ഞാൻ വാശിക്കാരനായി ഒരു വട്ടമെങ്കിലും എനിക്ക് കേരളം കാണണമെന്ന ആഗ്രഹം അങ്ങനെ നിറവേറി.

ഇത്തവണ ഞാനും അനുജത്തിയുമായിരുന്നു അച്ഛനും അമ്മയ്ക്കുമൊപ്പം ആ ട്രെയിൻ യാത്ര തുടർന്നത്. ചീറിപ്പാഞ്ഞു പോകുന്ന തീവണ്ടിക്ക് പിടിതരാതെ പായുന്ന മരങ്ങളും മലകളും പുഴ കളും കണ്ടു മതിമറന്നിരുന്നു. അങ്ങനെ ദൈവത്തിന്റെ സ്വന്തം കേരളത്തിലേക്ക് ആദ്യമായി ഞാൻ കാലുകുത്തി.

എല്ലാംപുതിയ അനുഭവങ്ങൾ, പുതിയമനു ഷ്യർ, പുതിയ ഭാഷ, പുതിയതരം കാറ്റ്, ശ്വാസം എടുക്കുന്നതുപോലും പുതിയതായി തോന്നി. അമ്മയുടെ വീട് അമ്മൂമ്മ, അമ്മച്ചൻ, മാമൻ, മാമന്റെ മക്കൾ, മാമന്റെ ഭാര്യ എല്ലാവരും എന്തൊക്കെയോ ചോദിക്കുന്നു പറയുന്നു ഉത്സ വപ്പറമ്പിലെ കാണാതായി തനിച്ചിരിക്കുന്ന കുട്ടിയെ പോലെ ഒന്നും അറിയാതെ മിഴിച്ചു നിന്നു. എന്തിന് എന്റെ സ്വന്തം ചേച്ചി ചോദിക്കുന്നതും പറയുന്നതു പോലും എനിക്ക് അന്യമായിരുന്നു. ഒരുപക്ഷേ അന്നായിരിക്കും എന്റെ ജീവിതത്തിലെ നല്ല സമയങ്ങൾ തുടങ്ങി യത്. ഒരിക്കലെ ങ്കിലും കേരളം കണ്ടാൽ മതി എന്നു പറഞ്ഞ ഞാൻ ആദ്യമായി കേരളത്തിൽ വന്നിട്ട് തിരിച്ച് തമിഴ്നാട്ടിലേക്ക് പോകുന്നത് എട്ടുവർഷങ്ങൾക്ക് ശേഷമാണ് അതും എന്റെ സ്കൂൾ സർട്ടിഫിക്കറ്റ് വാങ്ങാൻ.

6-ാം ക്ലാസിൽ പഠനം നിർത്തി കേരളത്തിൽ വന്നുവെങ്കിലും ഇവിടെയും കയറ് പിരിച്ചു തന്നെയാണ് കുടുംബം കഴിഞ്ഞത്. എന്നാൽ ഇവിടെ വന്നപ്പോൾ അനുജത്തിയെ സ്കൂളിൽ ചേർത്തത് എനിക്കും ഗുണമായി. ചേച്ചി അനു ജത്തിക്ക് മലയാളം അക്ഷരമാല പഠിപ്പിക്കുന്നത് കണ്ട് മലയാളം പഠിക്കണം എന്ന മോഹത്താൽ ഞാനും അക്ഷരമാല നുണയുവാൻ തുടങ്ങി.

കൂടാതെ ആഴ്ചതോറും ഞാൻ മുടങ്ങാതെ വാങ്ങിയിരുന്ന ബാലരമയിലെ മായാവിയും സൂത്രനും എനിക്ക് അക്ഷരങ്ങൾ കൂട്ടി വായിക്കുവാൻ ഏറെ സഹായകമായി. പഠിക്കേണ്ട പ്രായത്തിൽ മക്കളെ ബാലവേല ചെയ്യിക്കരുത് എന്നു രത്ന ചേച്ചി ഞങ്ങളെ കണ്ടു വീട്ടിൽ വന്നു മക്കളെ പഠിക്കാൻ വിടണം എന്നു പറഞ്ഞു. എന്നേയും എന്റെ മൂന്നാമത്തെ ചേച്ചിയേയും നാലാം ക്ലാസ് പരീക്ഷ എഴുതിച്ചു. സ്കൂൾ പടി കാണാത്ത ഞങ്ങൾ പരീക്ഷാ ഹാളിൽ വെറും പാവകളായിരുന്നു. ആരോ ഞങ്ങളുടെ പരീക്ഷ പേപ്പറുകൾ എഴുതി പൂർത്തിയാക്കി ആ ചേച്ചിയുടെ നിർബന്ധത്തിനു വഴങ്ങിയാണ് എന്റെ തമിഴ്നാട്ടിലെ സ്കൂൾ സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ടു വന്നത്. എന്നാൽ ആ സർട്ടിഫിക്കറ്റ് ഭദ്രമായി വീട്ടിൽ സൂക്ഷിച്ചു വെച്ചു. വർഷങ്ങൾ പിന്നെയും നിമിഷങ്ങളായി കടന്നുപോയിക്കൊണ്ടിരുന്നു. സ്വന്തമായി സ്ഥലം ഒരു വീട് എന്ന ലക്ഷ്യമായിരുന്നു പിന്നെ എനിക്കും കുടുംബത്തിനും. ഒരുവിധം അത് സാധ്യമായി എന്നു പറയാമെങ്കിലും പഠനം
എന്ന വിഷയം പാടെ മറന്നിരുന്നു.

വർഷങ്ങൾക്കുശേഷം അപ്രതീക്ഷിതമായി രത്ന ചേച്ചി വീണ്ടും എന്നെ കണ്ടു. പിടിച്ച പിടിയാൽ എന്നെ കൊണ്ടുപോയി സാക്ഷരത തുല്യതാ പാഠാവലിയിൽ ചേർത്തു. അതിന്റെ ആദ്യ പടിയായി ഏഴാം തരം പരീക്ഷ എഴുതണം. ആ സമയത്താണ് എന്റെ ഒരു സുഹൃത്ത് എഴുതിത്തന്നു സഹായിച്ചത്. ഏഴാം തരം പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ തനിക്കു ഒരിക്കലും ഇതുപോലെ മലയാളം എഴു തുവാൻ കഴിയില്ല. ഈ പ്രായത്തിൽ ഇനി എസ്.എസ്.എൽ.സി എഴുതി നേടാൻ കഴിയില്ല എന്ന് ചിന്തിച്ച സമയമായിരുന്നു. എന്നാൽ നിനക്ക് കഴിയും നീ ശ്രമിച്ചാൽ നിനക്ക് ഇതിലും മേലെ പഠിക്കാനും വിജയിക്കാനും കഴിയുമെന്നും പറഞ്ഞു തുല്യതയിൽ എന്നെ തുടർ പഠനത്തിന് ചേർത്തിയത് സാക്ഷരത പ്രവർത്തകയായ രത്ന ചേച്ചിയായിരുന്നു.

ആഴ്ചയിൽ ആറു ദിവസവും ജോലി അത് കഴിഞ്ഞുള്ള ഞായറാഴ്ച സ്കൂളിലേക്ക് പോകണം പഠിക്കാൻ. മനസ്സില്ലാ മനസ്സോടെ രത്ന ചേച്ചിയുടെ നിർബന്ധത്തിന് പോകാൻ തീരുമാനിച്ചു. അങ്ങനെ ഞാനും കേരളത്തിലെ വിദ്യാലയ പടിവാതിൽ കടന്നു. N.N.M.H.S. School ഇഷ്ടമില്ലാതെ പോയതാണെങ്കിലും പോയി തുടങ്ങിയപ്പോൾ അവിടത്തെ അദ്ധ്യാപകരുടെ പഠന രീതിയും പെരുമാറ്റ രീതിയും എന്നെ ഏറെ സ്വാധീനിച്ചു. ഞാൻ പഠിക്കാൻ തുടങ്ങിയെങ്കിലും മലയാളം എഴുതുന്നത് എനിക്ക് ബാലികേറാ മലയായാ യിരുന്നു. എന്നാൽ അതിൽ തളരാതെ ഞാൻ എഴുതിത്തുടങ്ങി പത്താം ക്ലാസ് പാഠപുസ്തകം അതേപോലെ നോട്ടിൽ പകർത്തി എഴുതി മലയാളം എഴുതി പഠിച്ചു. 2018ൽ ഞാൻ എസ്.എസ്.എൽ.സി പരീക്ഷ എഴുതി. ആ പരീക്ഷയാണ് എന്റെ ജീവിത ത്തിലെ ഏറ്റവും വലിയ പരീക്ഷണമായി തോന്നി യത്. പരീക്ഷ ചോദ്യപേപ്പർ കണ്ടിട്ട് എന്നെപ്പോലെ സന്തോഷിച്ച പഠിതാവ് വേറെ ആരും തന്നെ കാണില്ല. എന്നാൽ പരീക്ഷ കഴിഞ്ഞിറങ്ങുമ്പോൾ എന്നെപ്പോലെ ദുഃഖിതനായ പഠിതാവും വേറെ കാണില്ല. എല്ലാ ചോദ്യങ്ങളുടെയും ഉത്തരം അറിയാ മെങ്കിലും അത് എഴുതാൻ അറിഞ്ഞിട്ടും പരീക്ഷയ ുടെ സമയത്തിന്റെ വേഗതയ്ക്കനുസരിച്ച് എന്റെ കൈപിടിച്ച് തൂലികയെ വേഗത്തിൽ ചലിപ്പിക്കാൻ കഴിയാതെ ഞാൻ ദുഃഖിതനായി. എങ്കിലും തോറ്റു കൊടുക്കാൻ ഞാൻ തയ്യാറല്ലാ യിരുന്നു. പഠനം വീണ്ടും തുടരാൻ തീരുമാനിച്ചു.
എസ്.എസ്.എൽ.സി നല്ല മാർക്കോട് കൂടി തന്നെ വിജയം കണ്ടു. തുടർന്ന് സാക്ഷരത മിഷന്റെ കീഴിൽ തന്നെ പ്ലസ് വൺ ചേർന്നു ഇത്ത വണ എഴുത്തിന്റെ വേഗത കൂട്ടാൻ ഞാൻ വെറുതെ എഴുതിയ ആദ്യ കഥയാണ് വീട് വില്പനയ്ക്ക് വെറും പേപ്പറിൽ എഴുതിയ കഥ ആരും കാണാതെ സ്കൂൾ ബാഗിൽ

ഞാൻ മറച്ചു വെച്ചു. എന്നാൽ ആ കഥ സ്കൂളിൽ എന്റെ പത്താം ക്ലാസ് ടീച്ചറായ ഉഷ ടീച്ചർക്ക് കൊടുത്തു. ആ കഥ വായിച്ചു ടീച്ചർ എന്നെ ഫോണിൽ വിളിച്ചു അഭിനന്ദിച്ചു. ആദ്യമായി കിട്ടിയ ഒരു അഭിനന്ദനം.

വെറും അഭിനന്ദനങ്ങൾ മാത്രമല്ലാതെ ഞാൻ വരുത്തിയ അക്ഷരപ്പിഴവുകളും പിന്നെ ഒരു രചനയിൽ എന്തൊക്കെ വേണമെന്നും അതിന് ആദ്യം നല്ല കഥകൾ വായിക്കണം നല്ല എഴുത്തു കാരുടെ പുസ്തകങ്ങൾ പറഞ്ഞു തന്നതോടൊപ്പം അവരുടെ കയ്യിൽ ഉണ്ടായിരുന്ന കുറേ നല്ല പുസ്തകങ്ങൾ എനിക്കായി അവർ വച്ച് നീട്ടി. പിന്നീടുള്ള നാളുകളിൽ എന്റെ എല്ലാ എഴുത്തിനും അവരുടെ പ്രചോദനമായിരുന്നു.

കൊറോണ എന്ന കൊടും രാക്ഷസൻ നാട്ടിൽ വേട്ടയാടി കൊണ്ടിരിക്കുമ്പോൾ വീട്ടിൽ വെറുതെ കിടന്ന് മനസ്സിൽ തോന്നിയത് ഫോണിൽ കുത്തിക്കുറിച്ചു അതിൽനിന്നാണ് കവിത എഴുതാം. എന്ന ഭ്രാന്തൻ തീരുമാനത്തിലേക്ക് തിരിഞ്ഞത്. വെറുതെ മനസ്സിൽ തോന്നുന്ന വരികൾ എഴുതി മുഖപുസ്തകത്തിൽ കുത്തിനിറച്ചു. കൊറോണ കഴിഞ്ഞു എന്തിനുവേണ്ടി യാണ് എഴുതിത്തുടങ്ങിയത് അത് നേടിയെന്നു പറയാം... പ്ലസ് ടു പരീക്ഷ കഴിഞ്ഞു റിസൾട്ട് വന്നു. ഇംഗ്ലീഷ് ഒഴികെ ബാക്കിയെല്ലാ വിഷയവും ഫുൾ മാർക്ക് നേടി ക്ലാസിൽ ടോപ്പറായായി. പഞ്ചായത്തിന്റെ ആദരവും ഏറ്റുവാങ്ങി. ഒരു എഴുത്തുകാരൻ ആകാൻ വേണ്ടി എഴുതി തുടങ്ങിയതല്ല എന്നാൽ മുഖപുസ്തകത്തിലൂടെ കുറച്ച് നല്ല എഴുത്തുകാരുടെ സൗഹൃദങ്ങൾ ലഭിച്ചത് എഴുതുവാൻ ഉള്ള പ്രചോദനത്തിന് മറ്റൊരു കാരണമായി. സമസ്യ പബ്ലിക്കേഷൻ വഴി എന്റെ ഒരു കവിതയും ആദ്യമായി വെളിച്ചം കണ്ടു.

തമിഴ്നാട്ടിൽ എവിടെയോ ജനിച്ചു കേരളത്തിൽ വന്നു സ്കൂൾ പ്രായം കഴിഞ്ഞു ഇനി ഈ പ്രായത്തിൽ പഠിച്ച എന്തു നേടാൻ എന്നു കളിയാക്കിയവർ തന്നെ ഇന്ന് നന്നായി പഠിക്കണം നിനക്ക് എവിടെയെങ്കിലും എത്താൻ കഴിയും എന്ന് പറയുന്നുണ്ടെങ്കിൽ മറ്റുള്ളവർ എന്തു പറയും തനിക്ക് ഇനി ഒന്നും കഴിയില്ല എന്ന ചിന്തയിൽ നിന്നും മാറി നേടിയെടുക്കാൻ ഇനിയുമു ണ്ടെന്നു ചിന്തയിൽ അതിനുവേണ്ടി അദ്ധ്വാനിച്ചാൽ വിജയിക്കുക തന്നെ ചെയ്യും. അതാണ് എന്നെ ഡിഗ്രി വരെ കൊണ്ടെത്തിച്ചത്.

ഇനിയും ഞാൻ തുടരും എന്റെ പഠനവും എഴുത്തും...

കവിത



അജിത സത്യൻ

# നാളേയ്ക്ക്

കുളിരാർന്ന ചുംബനമേറ്റുറങ്ങീടുന്ന
പൂവാംകുരുന്നിനെപ്പോലെ നീയും
ഒന്നുമറിയാതെ മാലിന്യമേശാതെ
മാറിൽ ശയിച്ചിടും പൈതലല്ലോ!

വെയിലേറ്റു വാടിത്തളർന്നിടാതെ .
നാളത്തെ വാഗ്ദാനനാളമാകൂ.
മഞ്ഞും മഴയും ഋതുഭേദമൊക്കെയും
മാറിവരുമെന്നതോർത്തിടേണം.

എത്രയോ പുലരികൾ കാത്തിരിപ്പൂ നിന്നെ
മഞ്ചലിലേറ്റീ നടത്തീടുവാൻ
കാലം കുറിക്കുന്ന ജീവിതാരാമത്തിൽ
കാലിടറാതെ വളർന്നിടേണം.

കാലങ്ങളെത്രകഴിഞ്ഞാലുമോമനെ
നന്മതൻ തൂവെട്ടമായിടേണം.
ആരോമലേ നീയറിവോടെ നീങ്ങണം.
പാരിനു സൗരഭ്യമായിടേണം.

ആത്മാഭിമാനമുയർത്തിടേണം
തോഴന്റെ മാനസം കണ്ടിടേണം.
സാഹോദര്യം പുലർത്തീടുവാനായ്
ഹൃത്തിനെ നിർമ്മലമാക്കിടേണം.

ആത്മപ്രശംസയിൽ ശിരസ്സുയർത്തീടാതെ
നല്ലൊരു മന്നവനായിടേണം,
കാലാന്തരത്തിൽ ശമിച്ചിടും ഗർവ്വുകൾ
ക്ഷീണിതനായിടുമോർത്തിടേണം.

എന്തിനുമേതിനും കുറ്റംപറഞ്ഞിട്ടു
പാഴ്ജന്മമായങ്ങു മാറിടാതെ
സന്തോഷ ചിത്തനായ് ജീവിച്ചുതീർക്കണം
പാരിൽ പ്രകാശം പരത്തിടേണം.

സമസ്യ എഴുത്തുകുടുംബം പ്രസിദ്ധീകരണം



''എനിക്ക് നിങ്ങളെ ഇഷ്ടമാണ്...
കാരണമൊന്നുമില്ല...''

'ഓ, പരിഭ്രമിക്കാനൊന്നുമില്ല. വഴിയിൽ തടഞ്ഞുനിർത്തില്ല,
പ്രേമലേഖനമെഴുതില്ല. ഒന്നും ചെയ്യില്ല. ഒരു ബന്ധവും സങ്കല്പിക്കാതെ...
വെറുതെ... എനിക്കു നിങ്ങളെ ഇഷ്ടമാണ്.''

**എം.ടി. വാസുദേവൻ നായർ | മഞ്ഞ്**

**SAMASYA PUBLICATIONS**
Vettom, Tirur, Malappuram - 676 102
phone : +919567919288, e-mail : samasyapublicatios@gmail.com
web.: www.samasyapublicatios.com

DTP, Lay Out & Designing : K.P.A Vahid Purathur